JESUS REDEEMS MINISTRIES

# യുവജനലോകം

ജൂൺ 2025




കർത്താവിനെ അനുസരിക്കുവാനും കർത്താവിന്റെ ഹിതം
നിറവേറ്റുവാനും കർത്താവ് കാണിക്കുന്ന

# വഴി
# തിരഞ്ഞെടുക്കുക

# ആമുഖം

## പ്രിയപ്പെട്ട യൗവനക്കാരെ!

**യേശുക്രിസ്തുവിന്റെ മാധുര്യനാമത്തിൽ എന്റെ സ്നേഹാശംസകൾ!**

യൗവനക്കാരായ നിങ്ങൾ ശക്തരാണെന്ന് വചനം പറയുന്നു. കർത്താവ് നിങ്ങൾക്കായി മനോഹരമായ പദ്ധതി വച്ചിരിക്കുന്നു.കർത്താവിന്റെ പദ്ധതിയിൽ സ്വയം സമർപ്പിക്കുകയും അനുസരണയോടെ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് ജീവിതത്തിൽ മഹത്വം കാണുവാൻ കഴിയും. കർത്താവ് കാണിക്കുന്ന വഴിയിലൂടെ പോകാൻ മടിക്കുന്നവരുടെ ജീവിതത്തിൽ അനാവശ്യമായ ആശയക്കുഴപ്പവും, വേദനയും, അപകടവും ധാരാളം ഉണ്ടാകും.



പലപ്പോഴും ലൗകിക ജ്ഞാനം ദൈവത്തിന്റെ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമായി മാറുന്നു. പ്രവാചകനായ യോനയോട്, "നീ മഹാനഗരമായ നീനെവേയിലേക്ക് ചെന്ന് കർത്താവിന്റെ വചനം പ്രസംഗിക്ക" എന്ന് ദൈവത്തിന്റെ അരുളപ്പാടുണ്ടായി. എന്നാൽ യോനായ്ക്ക് ആ പദ്ധതിയും മാർഗനിർദേശവും ഇഷ്ടപ്പെടാത്തതിനാൽ, ദൈവവചനത്തെ അനുസരിക്കാതെ മറ്റൊരു വഴിക്ക് പോയി. അവസാനം, അനുസരണക്കേട് നിമിത്തം പല അപകടങ്ങളും അനർത്ഥങ്ങളും നേരിടേണ്ടിവന്നു. പിന്നെ അദ്ദേഹം മാനസാന്തരപ്പെട്ടു. ദൈവഹിതം നിറവേറ്റി. കർത്താവിന്റെ പദ്ധതിയും ജ്ഞാനവും അവ്യക്തമാണ്. കർത്താവ് ഒരു ദിവസംകൊണ്ട് എല്ലാം പറഞ്ഞാൽ അത് മനസ്സിലാക്കാൻ നമുക്ക് കഴിയില്ല. നാം അനുസരിക്കുന്നതനുസരിച്ച് കർത്താവ് അരുളിച്ചെയ്തുകൊണ്ടിരിക്കും.

ദൈവഹിതവും ഉണർവ് പദ്ധതിയും അനുസരിക്കുകയും കർത്താവ് കാണിക്കുന്ന വഴിയിലേക്ക് പോകുകയും ചെയ്യുന്ന യൗവനക്കാരെയാണ് കർത്താവിന്റെ ഹൃദയം അന്വേഷിക്കുന്നത്. കർത്താവ് അന്വേഷിക്കുന്ന യുവത്വം നിങ്ങളായിരിക്കാമല്ലോ? നിങ്ങൾ സമർപ്പണമുള്ളവരാണെങ്കിൽ, നിങ്ങളുടെ ജീവിതത്തിൽ കർത്താവിന്റെ അത്ഭുതകരമായ മാർഗനിർദ്ദേശം നിങ്ങൾക്ക് കാണുവാൻ കഴിയും.

കർത്താവിനെ അനുസരിക്കുകയും കർത്താവ് കാണിച്ചുതരുന്ന പാതയിലൂടെ യാത്ര ചെയ്യുകയും ചെയ്ത അപ്പൊസ്തലന്മാരിലൂടെ തങ്ങൾ സന്ദർശിച്ച നഗരങ്ങളിലും രാജ്യങ്ങളിലും വലിയ ഉണർവ് ഉണ്ടായി.

കർത്താവ് കാണിക്കുന്ന വഴി തിരഞ്ഞെടുക്കുക, നിർണ്ണായകമായും വേഗത്തിലും മിഷനറി പ്രവർത്തനം ചെയ്യുവാൻ ദൃഢമായി നിശ്ചയിക്കുക. രാജ്യം യേശുവിനെ അറിയണം!

വാഞ്ഛയോടും, ഭാരത്തോടും ജീവിക്കുന്ന ഇന്ത്യയിലെ ജനങ്ങൾ കർത്താവിലേക്ക് തിരിയുവാനുള്ള ദിശ കാണിക്കാൻ നിങ്ങളെപ്പോലുള്ള തിമൊഥെയൊസുമാർ എഴുന്നേൽക്കണം.

**യൗവന മകനേ, മകളേ എഴുന്നേൽക്കൂ!**
**കർത്താവ് അന്വേഷിക്കുന്ന തിമൊഥെയൊസ് നീയാണ്!!**

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്

# ഇത് അല്ല Trendu...!

ഹലോ ഫ്രണ്ട്സ്, കഴിഞ്ഞ മാസം നാം ആത്മാവിൽ മാതൃകയായിരിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചു. ഈ മാസം വിശ്വാസത്തിൽ എങ്ങനെ മാതൃകയായിരിക്കാം എന്നു നോക്കാം!

## വിശ്വാസത്തിന്റെ മാതൃക



യേശുവിനെ അറിയാത്തവർ യേശുവിനെ സ്വീകരിക്കുന്നതിന് ധാരാളം തടസ്സങ്ങളുണ്ടെങ്കിലും പ്രധാനതടസ്സം സാക്ഷ്യമില്ലാതെ ജീവിക്കുന്ന ക്രൈസ്തവരാണ്. ക്രൈസ്തവർ സാക്ഷികളായോ മാതൃകയായോ ജീവിച്ചിരുന്നെങ്കിൽ സുവിശേഷം പ്രസംഗിക്കാതെ തന്നെ പലരും യേശുവിനെ സ്വീകരിക്കുമായിരുന്നു. മഹാത്മാഗാന്ധി പോലും ഒരിക്കൽ ഒരു അഭിമുഖത്തിൽ എനിക്ക് ക്രിസ്തുവിനെ ഇഷ്ടമാണ്. പക്ഷേ, ക്രൈസ്തവരെ ഇഷ്ടമല്ല. എന്തെന്നാൽ, ക്രൈസ്തവർ ക്രിസ്തു പഠിപ്പിച്ചതുപോലെ ജീവിക്കുന്നില്ല എന്നു പറഞ്ഞു. മറ്റൊരിടത്ത് ക്രൈസ്തവർ ക്രിസ്തുവിനെപ്പോലെ ജീവിച്ചിരുന്നെങ്കിൽ ഇന്ത്യയിൽ ഒരു ഹിന്ദു പോലും ഉണ്ടാകുമായിരുന്നില്ല എന്നും പറഞ്ഞു. യേശുവിനെ അറിയാത്തവർക്ക് മാത്രമല്ല, വിശ്വാസികൾക്കും നാം മാതൃകയായിരിക്കണം. മക്കെദോന്യയിലെയും അഖായയിലെയും വിശ്വാസികൾക്ക് തെസ്സലൊനീക്യ സഭ ഒരു മാതൃകയായിരുന്നു. അതുപോലെ നാമും മാതൃകയായിരിക്കണം.

വിശ്വാസത്തിൽ നാം മാതൃകയായിരിക്കണം. ഇന്നത്തെ നമ്മുടെ വിശ്വാസം കണ്ട് മറ്റുള്ളവർ തങ്ങളുടെ വിശ്വാസത്തിൽ ശക്തിപ്പെടുന്നുണ്ടോ? അതോ ദുർബലരാകുന്നുവോ? ഇന്ന് ഏത് സാഹചര്യത്തിലും കർത്താവിൽ ആശ്രയിക്കണമെന്ന് പ്രസംഗിക്കുന്ന ചില ശുശ്രൂഷകർ പണം ആവശ്യമുള്ളപ്പോൾ മറ്റുള്ളവരിലേക്ക് തിരിയുന്നത് വിശ്വാസത്തിന്റെ മാതൃകയല്ല. നൂറിലധികം ആളുകളുടെ വിശ്വാസം കണ്ട് യേശു അത്ഭുതപ്പെട്ടു (മത്തായി 8:10). കനാന്യ സ്ത്രീയുടെ വിശ്വാസം കണ്ട് "നിന്റെ വിശ്വാസം വലിയത്" (മത്തായി 15:28) എന്നു പറഞ്ഞു. അതുപോലെ അബ്രഹാം തന്റെ ശരീരം നിർജ്ജീവമായിരുന്നിട്ടും, സാറായുടെ ഗർഭപാത്രം നിർജ്ജീവമായിരുന്നിട്ടും കർത്താവ് തനിക്ക് ഒരു കുഞ്ഞിനെ നൽകുമെന്ന് വിശ്വസിച്ചു. ഇന്ന് അബ്രഹാം നമ്മുടെ മാതൃകയാണ്. ഇവരെല്ലാം വിശ്വാസത്തിന്റെ മാതൃകകളാണെങ്കിലും, നാം എപ്പോഴും യേശുവിനെ നമ്മുടെ മാതൃകയായി നിലനിർത്തണം. യേശു എപ്പോഴും പിതാവിൽ വിശ്വസിച്ചുകൊണ്ട് പിതാവിന്റെ വചനം അനുസരിച്ച് നമുക്ക് മാതൃക കാണിച്ചിരിക്കുന്നു.

പ്രിയ യൗവനക്കാരെ മറ്റുള്ളവർ വിശ്വാസത്തിൽ ശക്തിപ്പെടുന്നതുപോലെ, നാമും വിശ്വാസത്തിൽ മാതൃകകളായിരിക്കണം. നാം വിശ്വാസത്തിൽ ഇടറിപ്പോകുന്നവരെപ്പോലെ ആകരുത്. "ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു" (1യോഹ. 5:4) എന്ന വചനപ്രകാരം, നമ്മുടെ വിശ്വാസത്തിൽ ഉറച്ചുനിന്ന് സാത്താനെ ജയിച്ചതിന്റെ സാക്ഷ്യജീവിതം കണ്ടുകൊണ്ട് അനേകർ ക്രിസ്തുവിലേക്ക് വരണം. അതുകൊണ്ട് യേശുവിനെ മാതൃകയാക്കി മറ്റുള്ളവർക്ക് വിശ്വാസത്തിൽ മാതൃകയായി ജീവിക്കുവാൻ നമുക്ക് തീരുമാനിക്കാം....!

**യേശുവേ അങ്ങയെപ്പോലെ ഞാനും മറ്റുള്ളവർക്ക് വിശ്വാസത്തിൽ മാതൃകയായിരിക്കുവാൻ സഹായിക്കേണമേ.**

# പുതിയ സൃഷ്ടി

**തെക്കൻ തമിഴ്നാട്ടിൽ യേശുവിനെ അറിയാത്ത കുടുംബത്തിൽ ജനിച്ച്, പാപശീലങ്ങളിൽ അടിമപ്പെട്ട്, മരണത്തിലേക്ക് അടുത്തുകൊണ്ടിരുന്നപ്പോൾ കർത്താവിനാൽ വിടുവിക്കപ്പെട്ട്,**



**ഇന്ന് അനേകരോട് തീക്ഷ്ണതയോടെ സുവിശേഷം അറിയിച്ചുവരുന്ന യൗവനക്കാരന്റെ ജീവിതം എങ്ങനെയാണ് മാറിയതെന്ന് അദ്ദേഹത്തോട് ചോദിച്ചറിയാമോ?**



## നിങ്ങളുടെ കുടുംബത്തെയും ബാല്യകാലത്തെയും കുറിച്ച് പറയാമോ?

എന്റെ പേര് നമ്പിരാജൻ. തിരുനെൽവേലി ജില്ലയിൽ യേശുവിനെ അറിയാത്ത വളരെ ഭക്തിയും തീക്ഷ്ണതയുമുള്ള കുടുംബത്തിലെ എന്റെ മാതാപിതാക്കളുടെ ആദ്യജാതനായിരുന്നു. എനിക്ക് ഒരു സഹോദരനും സഹോദരിയും ഉണ്ട്. എന്റെ അച്ഛൻ ഡ്രൈവറാണ്. എന്റെ സഹോദരനും സഹോദരിയും സ്വകാര്യ കമ്പനികളിൽ ജോലി ചെയ്യുന്നു. ഞാൻ Plumber & Electrician ആയി ജോലി ചെയ്യുന്നു.

ഞങ്ങളുടെ കുടുംബം വളരെ ദൈവവിശ്വാസമുള്ളവരാണ്. കുട്ടിക്കാലത്ത് നാലു തവണ അമ്പലത്തിൽ പോയി തല മൊട്ടയടിച്ചിട്ടുണ്ട്. ചൊവ്വ, വെള്ളി ദിവസങ്ങളിൽ പൂജകൾ ചെയ്യുന്നതുപോലെയുള്ള ധാരാളം ആചാരങ്ങൾ ഞങ്ങൾ പിന്തുടരാറുണ്ടായിരുന്നു. വർഷത്തിലൊരിക്കൽ ഞങ്ങൾ കുലദേവതയുടെ ക്ഷേത്രത്തിൽ പോയി പൂജ നടത്തും. ഞാനും ദൈവത്തിൽ വലിയ വിശ്വാസമർപ്പിച്ചിരുന്നു. ക്രൈസ്തവരെ കാണുന്നത് പോലും എനിക്ക് ഇഷ്ടമല്ല. മാർച്ച് മാസത്തിൽ ഞാൻ അതിരാവിലെ 5 മണിക്ക് എഴുന്നേറ്റ്, കുറി ഇട്ടുകൊണ്ടാണ് ഭജനയ്ക്ക് പോകുന്നത്. അങ്ങനെ കുട്ടിക്കാലം മുതലേ വളരെ ഭക്തിയോടെയാണ് ഞാൻ വളർന്നത്.

### ഭക്തിയോടെ വളർത്തപ്പെട്ടു... നിങ്ങളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് പറയാമോ?

പഠനത്തിൽ ഞാൻ **Average student** ആയിരുന്നു. എന്റെ പ്രോഗ്രസ് റിപ്പോർട്ട് കിട്ടുമ്പോഴൊക്കെ അച്ഛന്റെ കൈയിൽ നിന്ന് അടിയും വഴക്കും കിട്ടും. പശുവിനെ മേയ്ക്കുവാൻ പോ എന്ന് എന്നോട് പറയും. പഠിക്കുന്നത് എനിക്ക് ഇഷ്ടമല്ല. അച്ഛനോട് റിപ്പോർട്ട് കാണിക്കുവാൻ ഞാൻ ഭയപ്പെട്ടിരുന്നതിനാൽ ഞാൻ തന്നെ ഒപ്പിടും. അതിന്റെ പേരിൽ ധാരാളം തല്ല് കിട്ടിയിരുന്നു. പത്താംക്ലാസ് വരെ പഠിച്ചു, എങ്ങനെയോ പാസ്സായി. പത്താം ക്ലാസ് പാസ്സായതാണ് ഏറ്റവും വലിയ കാര്യം. അതിനപ്പുറം പഠിക്കാൻ പറ്റില്ല എന്നു പറഞ്ഞ് സ്കൂൾ വിദ്യാഭ്യാസം അവസാനിപ്പിച്ച്, ജോലിക്ക് പോകുവാൻ തുടങ്ങി. അപ്പോൾ ഒരു സഹോദരൻ, നീ എന്തിനാണ് ജോലിക്ക് പോകുന്നത്? IT പഠിക്കുന്നത് നിനക്ക് വളരെ പ്രയോജനമായിരിക്കും എന്നു പറഞ്ഞതിനാൽ IT മെക്കാനിക്കൽ ഒരു വർഷം പഠിച്ചു. അപ്പോഴും എനിക്ക് പഠിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഇതായിരുന്നു എന്റെ കുട്ടിക്കാലം.

### കോഴ്സ് എടുത്തില്ല..... അതിനുശേഷം എന്ത് ചെയ്തു?

പരിശീലനം കഴിഞ്ഞ് അച്ഛന്റെ സ്നേഹിതൻ എന്നെ വർക്ക്ഷോപ്പിൽ ജോലിക്ക് നിയോഗിച്ചു. 1½ വർഷം ഞാൻ അവിടെ നന്നായി ജോലി ചെയ്തു. എന്റെ മുതലാളി ഒരു **Chain Smoker** ആയിരുന്നു, അദ്ദേഹം **Smoke** ചെയ്യുന്നത് കണ്ട് എനിക്കും ഒരു ആഗ്രഹം ഉണ്ടായി. എന്നാൽ ഞാൻ അത് ചെയ്തില്ല. ആ സമയത്ത് എനിക്ക് ധാരാളം സ്നേഹിതരെ ലഭിച്ചു. അവരോടൊപ്പം ടൗൺ ചുറ്റി നടക്കുമ്പോൾ പരിസരത്തുള്ള എല്ലാവരും കണ്ട് ഭയപ്പെടണം എന്ന അഹങ്കാരത്തോടെ പലതും ഞങ്ങൾ ചെയ്യുമായിരുന്നു. എന്റെ സ്നേഹിതർ പുകവലി, കഞ്ചാവ്, മയക്കുമരുന്ന് തുടങ്ങിയവ ഉപയോഗിച്ചിരുന്നു. എനിക്കും നൽകുമായിരുന്നു. 'വേണ്ട' എന്ന് പറഞ്ഞാലും, ഈ പ്രായത്തിൽ അല്ലാതെ ഏത് പ്രായത്തിലാണ് ഇതെല്ലാം ചെയ്യാൻ പോകുന്നത് എന്ന് എന്നോട് ചോദിച്ചിരുന്നു. ആദ്യം കുറച്ച് കഷ്ടമായിരുന്നെങ്കിലും, ഉപയോഗിച്ച് തുടങ്ങിയപ്പോൾ നല്ലതായിരുന്നു. അത് തുടർന്നും ചെയ്യുവാൻ തുടങ്ങി. എന്നാൽ അതിനുശേഷം വലിയ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് എനിക്കറിയില്ലായിരുന്നു.



### കുട്ടിക്കാലത്ത് തന്നെ ലഹരിവസ്തുക്കൾ ഉപയോഗിച്ചു, തുടർന്ന് നിങ്ങളുടെ ജീവിതം മാറിയോ?

ഞാൻ ലഹരിവസ്തുക്കൾക്ക് അടിമയായിരുന്നു. ഇതുനിമിത്തം എനിക്ക് ജോലി നഷ്ടപ്പെട്ടു. ഒടുവിൽ വീട്ടിൽ നിന്ന് മോഷ്ടിച്ച് പുകവലി പോലുള്ള ശീലങ്ങൾക്കായി ചെലവഴിച്ചു. സ്നേഹിതർക്കും വാങ്ങി കൊടുക്കാൻ ആരംഭിച്ചു. മയക്കുമരുന്നിന് അടിമയായ ഞാൻ വിഷാദത്തിലാവുകയും, തെറ്റായ തീരുമാനങ്ങൾ എടുക്കുന്ന അവസ്ഥയിലേക്ക് പോവുകയും ചെയ്തു. തെറ്റായ തീരുമാനം എടുക്കുന്നതിന് മുമ്പ് അവസാനമായി ആരോടെങ്കിലും പറഞ്ഞതിനുശേഷം മരിക്കാം എന്ന് തീരുമാനിച്ച്, എനിക്കറിയാവുന്ന ഒരു അമ്മായിയോട് പറയുവാൻ പോയി. അപ്പോൾ അവർ എന്നെ നാലുമാവടിയിലേക്ക് കൂട്ടികൊണ്ടുവന്നു.



അന്ന് മോഹൻ അങ്കിൾ പാപത്തെക്കുറിച്ചും, പാപം എത്ര ഭയാനകമാണെന്നും സന്ദേശം നൽകി. എന്നോട് തന്നെ സംസാരിക്കുന്നതുപോലെ എനിക്ക് തോന്നി. പ്രാർത്ഥന സമയത്ത്, 'ഒരു സഹോദരൻ ഈ യോഗം കഴിഞ്ഞതിനുശേഷം ആത്മഹത്യ ചെയ്യണം എന്ന തീരുമാനത്തോടെ വന്നിരിക്കുന്നു. എന്നാൽ ഇന്ന് കർത്താവ് നിങ്ങൾക്ക് വിടുതൽ നൽകി, ജീവിതത്തിലേക്ക് കൊണ്ടുവരുവാൻ പോകുന്നു' എന്നു പറഞ്ഞപ്പോൾ, ഒരു വെളിച്ചം എന്നെ സ്പർശിച്ചു. പിന്നിൽ നിന്നിരുന്ന ഞാൻ മുന്നോട്ട് വന്നു വീണു. അപ്പോൾ എന്റെ ഉള്ളിൽ വ്യാപരിച്ചുകൊണ്ടിരുന്ന അശുദ്ധാത്മാവ് പുറത്തുപോകുകയും, ഞാൻ ഒരു പുതിയ മനുഷ്യനായി മാറുകയും ചെയ്തു.

### സൂപ്പർ... പുതിയ മനുഷ്യനായതിനുശേഷം നിങ്ങളുടെ ജീവിതത്തിൽ എന്തൊക്കെ മാറ്റങ്ങൾ വന്നു?

അതിനുശേഷം പാപ ശീലങ്ങളൊന്നും എനിക്കുണ്ടായില്ല. എനിക്ക് ജോലി ലഭിച്ചു. കർത്താവ് എന്റെ ജീവിതത്തെ അനുഗ്രഹിക്കാൻ തുടങ്ങി. 2022ൽ നാലുമാവടിയിൽ നടന്ന യൗവനക്കാർക്കായുള്ള ക്യാമ്പിൽ പങ്കെടുത്തപ്പോൾ മോഹൻ അങ്കിളും വിൻസെന്റ് അങ്കിളും

സുവിശേഷം അറിയിക്കുന്നതിന്റെയും, പ്രാർത്ഥനയുടെയും പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു. രാജ്യത്തിലെ ജനങ്ങൾ ആവശ്യഭാരത്തോടെ ആയിരിക്കുന്നു എന്ന് മനസ്സിലാക്കി, ഞാൻ എന്റെ ഒഴിവുസമയങ്ങളിൽ സുവിശേഷം അറിയിക്കുവാൻ എന്നെ സമർപ്പിച്ചു. അവധിക്കാലത്ത് തിരുനെൽവേലി ഭാഗങ്ങളിൽ യൗവനക്കാരോടൊപ്പം സുവിശേഷ വേല ചെയ്യുവാൻ തുടങ്ങി. ലഘുലേഖകൾ നൽകി സുവിശേഷം അറിയിച്ചതിലൂടെ അനേകം ആത്മാക്കളെ കർത്താവിലേക്ക് നയിക്കുവാൻ കഴിഞ്ഞു.

### സൂപ്പർ... സുവിശേഷം അറിയിക്കുവാൻ തുടങ്ങിയോ....? സുവിശേഷം പ്രസംഗിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ എന്തെങ്കിലും അത്ഭുതങ്ങൾ നടന്നോ? അതിനെക്കുറിച്ച് പറയാമോ?

ഞങ്ങൾ ഗ്രാമശുശ്രൂഷയ്ക്ക് പോയപ്പോൾ, അന്യമതസ്ഥർക്ക് ഇവിടെ പ്രവേശനമില്ല എന്നൊരു ബോർഡ് സ്ഥാപിച്ചിരുന്ന പ്രദേശത്ത് ഞങ്ങളുടെ സംഘം ഞങ്ങളെ വിട്ടേച്ചു പോയി. അത് മനുഷ്യവാസമില്ലാത്ത ഒരു ഗ്രാമമായിരുന്നു. കുറച്ച് ദൂരം നടന്നപ്പോൾ രണ്ട് മുത്തശ്ശിമാർ സംസാരിച്ചുകൊണ്ടിരിക്കുന്നു. യേശു നിങ്ങളെ സ്നേഹിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ഞാൻ അവർക്ക് ലഘുലേഖ നൽകിയപ്പോൾ, 'രോഗികൾക്കായി പ്രാർത്ഥിക്കുവിൻ' എന്ന് പരിശുദ്ധാത്മാവ് എന്നോട് അരുളിച്ചെയ്യുന്നു എന്ന് എന്റെ കൂടെ വന്ന സഹോദരൻ പറഞ്ഞു. ഉടനെ ഞങ്ങൾ ആ മുത്തശ്ശിമാരോട് 'ഈ ഗ്രാമത്തിൽ ആർക്കെങ്കിലും അസുഖമുണ്ടോ? അവർക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കാം' എന്ന് ചോദിച്ചപ്പോൾ, ഉടനെ അവർ 'ആ അവസാനത്തെ വീട്ടിൽ ഒരാൾ വളരെ നാളുകളായി രോഗിയായിരിക്കുന്നു' എന്നു പറഞ്ഞു. ഞങ്ങളും ആ വീട് അന്വേഷിച്ച് അവസാനം അതിർത്തിവരെ പോയി അവിടെയുള്ള ഒരു സ്ത്രീയോട് അന്വേഷിച്ചപ്പോൾ അവർ ഞങ്ങളെ ആ വീട്ടിലേക്ക് കൊണ്ടുപോയി. അകത്തേക്ക് പോയപ്പോൾ ആ മനുഷ്യൻ **urine bag**മായി കിടക്കുകയായിരുന്നു. ഞാൻ യേശുവിനെ അറിയാത്ത കുടുംബത്തിൽ നിന്ന് രക്ഷപ്രാപിച്ചു എന്ന് എന്റെ സാക്ഷ്യം പറഞ്ഞ് സുവിശേഷം അറിയിച്ച് ഞങ്ങൾ രണ്ടുപേരും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് ഒരു ദർശനം കാണിച്ചു, "അവനോട് എഴുന്നേറ്റ് നടക്കാൻ പറയൂ" എന്നു പറഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ കൈപിടിച്ച് "എഴുന്നേറ്റ് നടക്കുവിൻ" എന്ന് പറഞ്ഞപ്പോൾ അദ്ദേഹം എഴുന്നേറ്റ് നടന്നു. ഊമനായിരുന്ന മനുഷ്യനോട് "വായ് തുറന്ന് യേശു എന്ന് പറയുവിൻ" എന്ന് പറഞ്ഞയുടനെ ഉച്ചത്തിൽ യേശു എന്ന് വിളിച്ചു. ഞങ്ങൾ പ്രാർത്ഥിച്ച് തിരിച്ചുവന്നതിനുശേഷം ഒരാഴ്ച കഴിഞ്ഞ് അന്വേഷിച്ചപ്പോൾ, അദ്ദേഹം പൂർണ്ണമായും സൗഖ്യം പ്രാപിച്ചു, ജോലിയ്ക്ക് പോകുന്നുവെന്ന് ചിലർ പറഞ്ഞു. ഇന്ന് ആ കുടുംബം മുഴുവനും യേശുവിനെ സ്വീകരിച്ച്, സഭയിൽ പോകുന്നു.



### യൗവനക്കാരോട് എന്താണ് പറയുവാൻ ആഗ്രഹിക്കുന്നത്?

യൗവനക്കാരായ നമുക്ക് ഈ യൗവനപ്രായത്തിൽ സാത്താൻ തിന്മകളെ നന്മയായി തോന്നിപ്പിക്കുകയും പാപത്തിൽ വീഴാൻ ഇടയാക്കുകയും ചെയ്യും. സാത്താന്റെ കെണിയിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ, നാം ദൈവവചനം വായിച്ച് ധ്യാനിക്കുകയും, അത് നമ്മുടെ ഹൃദയത്തിൽ സൂക്ഷിക്കുകയും വേണം. ദൈവവചനത്തിലൂടെ മാത്രമേ നമുക്ക് സാത്താനെ ജയിക്കാൻ കഴിയൂ. അതുമാത്രമല്ല, കർത്താവിനെ വിശ്വസിക്കണം. എങ്കിൽ മാത്രമേ സാത്താൻ ഒരുക്കുന്ന കെണികളിൽ നിന്ന് നമുക്ക് നമ്മെതന്നെ സംരക്ഷിക്കുവാൻ കഴിയൂ. ഈ ഉണർവിൽ കർത്താവ് നമ്മെയും ഉപയോഗിക്കും.

**പ്രിയ യൗവനക്കാരെ, യേശുവിനെ അറിയാത്ത കുടുംബത്തിൽ ജനിച്ച് ഭക്തിയോടെ വളർന്ന സഹോ.നമ്പിരാജനെ പാപത്തിന്റെ പിടിയിൽ നിന്ന് വിടുവിച്ച്, ജീവൻ സംരക്ഷിച്ച കർത്താവ് ഇന്ന് അവനിലൂടെ വലിയ കാര്യങ്ങൾ നിറവേറ്റിവരുന്നു. നിങ്ങളും പാപത്തിന്റെ പിടിയിൽ അകപ്പെട്ടിരിക്കുന്നുവോ? 'എന്നെ വിടുവിക്കാൻ ആരുമില്ലല്ലോ' എന്ന് ഭാരപ്പെടുന്നുവോ? യേശുവിലേക്ക് നോക്കുവിൻ.... കർത്താവ് നിങ്ങളെയും വിടുവിച്ച് ദൈവപൈതലാക്കി അനേകർക്ക് അനുഗ്രഹമാക്കി മാറ്റും.**



# ക്രിസ്തുവിനുവേണ്ടി നിലനിന്ന ശിഷ്യന്മാർ!



**ക്രിസ്തുവിനുവേണ്ടി നിലനിന്ന ശിഷ്യന്മാർ എന്ന തലക്കെട്ടിൽ ഈ മാസം നാം സാധു സുന്ദർ സിങ്ങിനെക്കുറിച്ച് കാണുവാൻ പോകുന്നു. പഞ്ചാബിലെ രാംപൂരിലാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ സിക്ക് മതവിശ്വാസികളായിരുന്നു. അവർ ക്രൈസ്തവരെ വളരെയധികം എതിർത്തിരുന്നു. കല്ലെറിഞ്ഞും, ചെളി വലിച്ചെലിഞ്ഞും മിഷനറിമാരെ ആക്രമിക്കുവാൻ അവർ ആളുകളെ പ്രേരിപ്പിച്ചിരുന്നു.**

ബുദ്ധനോടുള്ള ഭക്തിയും തീക്ഷ്ണതയോടും കൂടെ വളർന്ന സാധു സുന്ദർസിങ് ഒരു ഘട്ടത്തിൽ വളരെ ആശയക്കുഴപ്പത്തിലും വിഷാദാവസ്ഥയിലും കാണപ്പെട്ടു. ഒരു യഥാർത്ഥ ദൈവമുണ്ടെങ്കിൽ, നിന്നെതന്നെ എനിക്ക് വെളിപ്പെടുത്തി, രക്ഷയും സമാധാനവും പ്രാപിക്കുവാനുള്ള വഴി കാണിച്ചുതരേണം എന്നു പറഞ്ഞ് പ്രാർത്ഥിക്കാൻ തുടങ്ങി. ആ നിമിഷം തന്നെ ഒരു പ്രകാശം വ്യാപിച്ചു. അതിൽ അദ്ദേഹം യേശുക്രിസ്തുവിന്റെ രൂപം കണ്ടു. ആണിയാൽ തുളയ്ക്കപ്പെട്ട തന്റെ കരം യേശു സുന്ദറിന് കാണിച്ചുകൊടുത്ത്, ഞാൻ നിന്റെ രക്ഷകൻ എന്നു പറഞ്ഞു. ആ നിമിഷം സുന്ദറിന്റെ ഹൃദയം സന്തോഷത്താൽ നിറഞ്ഞു. അയാളുടെ ജീവിതം ആകെ മാറി.

ക്രൈസ്തവനാകണമെന്ന സുന്ദറിന്റെ തീരുമാനത്തിൽ അദ്ദേഹത്തിന്റെ കുടുംബം മുഴുവനും ആശ്ചര്യപ്പെട്ടു. അങ്ങനെ സുന്ദറിനെ വീട്ടിൽ നിന്ന് പുറത്താക്കി. കഴിക്കാൻ ഭക്ഷണമോ താമസിക്കാൻ പാർപ്പിടമോ ഇല്ലാതെ അദ്ദേഹം ഒരു മരത്തിനടയിൽ താമസിച്ചു. കുറച്ച് ദിവസങ്ങൾക്ക് ശേഷം അദ്ദേഹത്തെ വീട്ടിൽ താമസിക്കുവാൻ അനുവദിച്ചു. എന്നാൽ ഭവനത്തിന് പുറത്താണ് ഭക്ഷണം നൽകിയിരുന്നത്. എന്നിരുന്നാലും അദ്ദേഹം പൂർണ്ണ ഹൃദയ സന്തോഷത്തോടെ യേശുക്രിസ്തുവിനുവേണ്ടി സകലവും ക്ഷമയോടെ സഹിച്ചു. ഒടുവിൽ വിഷം നൽകി വീട്ടിൽ നിന്ന് ആട്ടിയോടിക്കുകയും, രോഗബാധിതനായി മരണത്തോടടുക്കുകയും ചെയ്തു. എന്നിട്ടും അദ്ദേഹത്തെ സ്നേഹിച്ച കർത്താവ് മരണത്തിന്റെ പിടിയിൽ നിന്നും അദ്ദേഹത്തെ വിടുവിച്ചു.

സാധു സുന്ദർ സിങ് തന്നെ പൂർണ്ണമായും ക്രിസ്തുവിന്റെ കരങ്ങളിൽ സമർപ്പിച്ചു. നഗ്നമായ കാലുകളും പുതിയൊരു ഉടമ്പടിയുമായി തന്നിൽ വ്യാപരിച്ച ക്രിസ്തുവിനായി അദ്ദേഹം പുറപ്പെട്ടുപോയി. "എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാ. 6:14) എന്ന വചനം അദ്ദേഹം തന്റെ ജീവിതത്തിലെ മുദ്രാവാക്യമാക്കി.

എന്നോടുള്ള സ്നേഹം നിമിത്തം യേശുക്രിസ്തു തന്നെത്തന്നെ യാഗമായർപ്പിച്ചു. അതുപോലെ, യേശുക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം ഞാൻ എന്നെ തന്നെ യാഗമർപ്പിക്കണം എന്ന് അദ്ദേഹം പലപ്പോഴും പറഞ്ഞിരുന്നു. പലപ്രാവശ്യം പല വിധത്തിൽ പീഡിപ്പിക്കപ്പെട്ടപ്പോഴും അദ്ദേഹം സന്തുഷ്ടനും ക്ഷമയുള്ളവനും ആണെന്ന് കണ്ട പലരും സുവിശേഷം സ്വീകരിക്കുവാൻ മുന്നോട്ടുവന്നു.

**ക്രിസ്തുവിനുവേണ്ടി നിലനിന്ന സാധു സുന്ദർസിങ്ങിനെപ്പോലെ നമുക്കും ഏത് സാഹചര്യത്തിലും ക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം കർത്താവിനുവേണ്ടി ജീവിക്കാം. നമ്മിലൂടെയും ദൈവനാമം മഹത്വപ്പെടട്ടെ. ആമേൻ.**

Heart Beat

# IPS



പ്രിയ സഹോദരാ!
കുട്ടിക്കാലം മുതൽ IPS ഓഫീസർ ആകണം എന്ന ലക്ഷ്യത്തോടെയാണ് ഞാൻ പഠിച്ചത്. ഇപ്പോൾ എനിക്ക് 24 വയസ്സായി. രണ്ട് തവണ ഞാൻ UPSC പരീക്ഷയിൽ പരാജയപ്പെട്ടു. വളരെ നിരാശയിലായ സാഹചര്യത്തിൽ, എന്റെ പഴയ കോളേജിലെ സ്നേഹിതരോടൊപ്പം സമയം ചെലവഴിക്കുവാൻ തുടങ്ങി.
ഓരോ തവണയും IPS ഓഫീസറാകുന്നതായി ഞാൻ സ്വപ്നം കാണുമ്പോഴും അത് നേടാൻ കഴിഞ്ഞില്ലല്ലോ എന്ന മനോഭാരം. തൽഫലമായി, എന്റെ ലക്ഷ്യം ഉപേക്ഷിച്ച്, ഒരു സ്നേഹിതന്റെ ഉപദേശപ്രകാരം ഞാൻ മറ്റൊരു ജോലിയിൽ പ്രവേശിച്ചു.
എല്ലാ ദിവസവും 5 മുതൽ 6 മണിക്കൂർ വരെ പഠനത്തിൽ ശ്രദ്ധിച്ചിട്ടും വിജയിക്കാൻ കഴിയാത്തതിന്റെ നിരാശയിലായിരുന്ന ഞാൻ, തെറ്റായ ശീലങ്ങൾക്ക് അടിമയായിതീർന്നു. വലിയ ആഗ്രഹങ്ങളോടെ ജീവിതം ആരംഭിച്ച ഞാൻ, ഇന്ന് തളർന്നു വീഴാൻ പോകുന്നു. എന്റെ മാതാപിതാക്കൾ എന്നെ ഓർത്ത് വളരെ ദുഃഖിതരാണ്. എന്ത് ചെയ്യണമെന്ന് എനിക്കറിയില്ല. ഞാൻ വളരെ നിരാശിതനായി, ജീവിതത്തിൽ പരാജിതനായിരിക്കുന്നു. എനിക്ക് എഴുന്നേൽക്കുവാൻ കഴിയുമോ? ജീവിതത്തിൽ രണ്ടാമതൊരു അവസരം ലഭിക്കുമോ? എന്നെ എഴുന്നേൽക്കാൻ സഹായിക്കൂ! Please.

- ശരത്, കൃഷ്ണഗിരി.

പ്രിയ സഹോദരാ,നിങ്ങളുടെ ഹൃദയത്തിലെ വേദന എനിക്ക് മനസ്സിലാകും. കഠിനാധ്വാനം ഫലം ചെയ്യുമെന്ന് വിശ്വസിച്ച് പഠിച്ചിട്ടും വിജയിക്കുന്നതിനുപകരം പരാജയപ്പെടുന്നത് എത്രത്തോളം നിരാശാജനകവും വേദനയുമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. നിങ്ങൾ IPS ഓഫീസറാകുന്നതായി നിങ്ങളുടെ സ്വപ്നത്തിൽ കാണുന്നതും, അത് നിറവേറപ്പെടാത്തതിന്റെ മനോഭാരവും മനസ്സിലാക്കാവുന്നതേയുള്ളൂ.

ശരത് UPSC, PSC പരീക്ഷകൾ വളരെ മനോഹരമായ ലക്ഷ്യങ്ങളാണ്. എല്ലാ വിദ്യാർത്ഥികളും, യുവാക്കളും ഈ കോഴ്സ് അല്ലെങ്കിൽ ഈ പാത തിരഞ്ഞെടുക്കില്ല. കാരണം, ഒരു വശത്ത് അതിന് താൽപര്യമില്ല, മറുവശത്ത് കഠിനാധ്വാനം ആവശ്യമാണ്, ഉറക്കമില്ലാതെ പഠിക്കണം എന്നിങ്ങനെ പല വെല്ലുവിളികൾ ഉള്ളതിനാൽ പലരും ആ വശത്തേക്ക് നോക്കില്ല.

നല്ലൊരു ലക്ഷ്യം ഉണ്ടായിരുന്നിട്ടും, അതിലേക്കുള്ള വഴി ആസൂത്രണം ചെയ്യുന്നതിൽ നിങ്ങൾ പരജായപ്പെട്ടത് എന്തുകൊണ്ടാണ്? രണ്ട് തവണ നേരിട്ട പരാജയം നിങ്ങളുടെ ജീവിതത്തിലെ പരാജയമായി കരുതുന്നതാണ് തെറ്റ്. ഇനിയും 4 തവണ ശ്രമിക്കാമല്ലോ. നിങ്ങളുടെ യോഗ്യതയും സാമൂഹിക പശ്ചാത്തലവും അനുസരിച്ച്, ഓരോ വിഭാഗക്കാർക്കും എത്ര തവണ ശ്രമിക്കാമെന്ന ഗവൺമെന്റ് പരിധി എന്തുകൊണ്ടാണ് നിങ്ങൾ മനസ്സിലാക്കാത്തത്? രണ്ട് തവണ ശ്രമിച്ചിട്ട് പിന്മാറിയാൽ എങ്ങനെ വിജയത്തിലെത്തുവാൻ കഴിയും?








നിരവധി പരാജയങ്ങൾക്ക് ശേഷമാണ് എബ്രഹാം ലിങ്കൺ അമേരിക്കൻ പ്രസിഡന്റ് ആയത്.

നിരവധി പരാജയങ്ങൾക്ക് ശേഷമാണ് തോമസ് ആൽവ എഡിസൺ ബൾബ് കണ്ടുപിടിച്ചത്.

പറഞ്ഞറിയിക്കാനാവാത്ത നിരവധി പരാജയങ്ങൾ സഹിച്ചതിനുശേഷമാണ് സ്റ്റീവ് ജോബ്സ് Apple കമ്പനി സ്ഥാപിച്ചത്. ഇങ്ങനെ നമുക്ക് പറഞ്ഞുകൊണ്ടിരിക്കാം...

നിങ്ങൾ കുറച്ച് തവണ ശ്രമിച്ചതിനുശേഷം ഉപേക്ഷിക്കുകയാണെങ്കിൽ, താൽപര്യമില്ലായ്മയും നിരാശയും മാത്രമേ ഉണ്ടാകുകയുള്ളൂ. എന്നാൽ സ്ഥിരോത്സാഹവും ആത്മവിശ്വാസവും കൈവിടാതെ ഓടിയാൽ വിജയം സുനിശ്ചയമാണെന്ന് മറക്കരുത്.

## നിങ്ങൾ ചെയ്യേണ്ടത് ...

- IPS പഠനമെന്ന നിങ്ങളുടെ ലക്ഷ്യത്തിലേക്ക് നിങ്ങൾ തിരിച്ചുപോകണം.

- ഇത്തവണ 2 പ്രാവശ്യമല്ല, വിജയിക്കുന്നതുവരെ ശ്രമിക്കും എന്ന ഉറച്ച തീരുമാനം എടുക്കണം.

- 5 മുതൽ 6 മണിക്കൂർ വരെ പഠിച്ചിട്ടും, രണ്ടുതവണയും പരാജയപ്പെട്ടത് എന്താണെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കും. അതുകൊണ്ട് പഠന സമയം വർദ്ധിപ്പിക്കാൻ എന്തുചെയ്യണമെന്ന് നിങ്ങൾ ചിന്തിക്കണം. കുറഞ്ഞത് 10-14 മണിക്കൂർ പഠിക്കണം.

- തോമസ് ആൽവ എഡിസനെപ്പോലെ 10,000 - മത്തെ തവണ പരാജയമല്ല, അടുത്ത പ്രാവശ്യവും ബൾബ് പ്രകാശിക്കുന്നില്ലെന്ന് മനസ്സിലാക്കി മറ്റൊരു വഴി ശ്രമിച്ചു, വിജയിക്കാൻ നിങ്ങൾക്ക് ദൃഢനിശ്ചയവും ഇച്ഛാശക്തിയും ഉണ്ടായിരിക്കണം.

- ആ സമയത്ത് നിങ്ങൾ നിങ്ങളുടെ ലക്ഷ്യം ഉപേക്ഷിക്കുകയോ പിന്നോട്ട് തിരിയുകയോ ചെയ്യരുത്. ലക്ഷ്യം മാറ്റുന്നതിനെക്കുറിച്ച് ചിന്തിക്കുകപോലും അരുത്.

- ശരത് IPSന്റെ ബാഡ്ജ് ഷോൾഡറിൽ എത്തുന്നതുവരെ ഞാൻ വിശ്രമിക്കില്ല എന്ന ദൃഢനിശ്ചയം നിങ്ങളുടെ മനസ്സിൽ ഉണ്ടായിരിക്കണം.

- ഭാരപ്പെട്ട അതേ മാതാപിതാക്കൾ അത്ഭുതപ്പെടുന്ന തരത്തിൽ നന്നായി പഠിച്ച് നിങ്ങൾ നേടി കാണിക്കുവിൻ!

## നിങ്ങൾ ഒഴിവാക്കേണ്ടത്...

- നിങ്ങളുടെ ഉദ്ദേശ്യം എന്തുതന്നെയായാലും, അനാവശ്യ ശീലങ്ങൾ ഉപേക്ഷിക്കുക, അല്ലെങ്കിൽ പഴയ സ്നേഹിതരിൽ നിന്ന് അകന്നു നിൽക്കുക, അവരുടെ അടുത്തേക്ക് പോകുന്നതുതന്നെ പൂർണ്ണമായും ഒഴിവാക്കണം.

- നിങ്ങളെ പിന്നിലേക്ക് നയിച്ച അതേ പരാജയം വീണ്ടും നേരിട്ടാൽ, നിരുത്സാഹപ്പെട്ട് പിന്നോട്ട് പോകരുത്. പകരം ഒരിക്കൽ കൂടി ശ്രമിക്കാം എന്ന് മുന്നോട്ട് പോകണം.

ശരത് ഒരിക്കൽ നിന്നെപ്പോലെ ദാവീദ് എന്ന മനുഷ്യൻ എല്ലാം നഷ്ടപ്പെട്ട്, വളരെ നിരാശനായിമാറി. എന്നാൽ കർത്താവ് അവനെ ശക്തിപ്പെടുത്തുകയും, വീണ്ടും യുദ്ധം ചെയ്ത് തന്റെ ശത്രുക്കളെ പിന്തുടർന്ന് നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കാൻ സഹായിക്കുകയും ചെയ്തു. ദാവീദിനെ വീണ്ടും പരിശ്രമിക്കുവാനും, ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുവാനും പ്രേരിപ്പിച്ച് വലിയ വിജയം നൽകിയ കർത്താവ് നിങ്ങൾക്കും വിജയം നൽകും.



ഭയപ്പെടേണ്ട, ആത്മവിശ്വാസത്തോടെ മുന്നോട്ട് പോകുവിൻ. ഇത്തവണ കർത്താവ് നിങ്ങളെ ശക്തിപ്പെടുത്തും.

**"അവൻ ക്ഷീണിച്ചിരിക്കുന്നവനു ശക്തി നല്കുന്നു; ബലമില്ലാത്തവനു ബലം വർധിപ്പിക്കുന്നു" (യെശയ്യാവ് 40:29).**

***All the Best Sarath, IPS.***



# കഷ്ടതയുടെ മദ്ധ്യത്തിൽ ഉയർച്ച!!





**എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മയ്ക്കായികൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു (റോമർ 8:28).**

യേശുക്രിസ്തുവിനെ സ്നേഹിക്കുന്നവർക്ക് സകലവും നന്മയ്ക്കായി സംഭവിക്കുന്നു. തിന്മയെ നന്മയാക്കി മാറ്റുന്ന ദൈവം ഇന്ന് നിങ്ങളുടെ ജീവിതത്തിലെ തിന്മ നന്മയാക്കി മാറ്റുവാൻ പോകുന്നു. കുഞ്ഞുങ്ങൾക്ക് പരീക്ഷയിൽ കുറഞ്ഞ മാർക്ക് ലഭിച്ചാൽ, ഉടൻ തന്നെ അവർ തെറ്റായ തീരുമാനമെടുക്കുന്നു. ആ പരാജയത്തിലും നന്മയുണ്ടെന്ന് നാം മനസ്സിലാക്കണം. ദൈവത്തെ സ്നേഹിക്കുന്ന ഒരു കുട്ടി പരാജയപ്പെട്ടാൽ, അവസാനം നന്മയായിരിക്കും. ഒരു ദൈവപൈതൽ നഷ്ടങ്ങളുടെ മദ്ധ്യത്തിൽ തളർന്നുപോകരുത്. ആ നഷ്ടം കർത്താവ് ലാഭമാക്കി മാറ്റുമെന്ന് നാം വിശ്വസിക്കണം. ദൈവമക്കളായ നിങ്ങൾ നിന്ദയുടെയും കഷ്ടതയും നടുവിലൂടെ കടന്നുപോയെങ്കിൽ, നാളെ അതേ സ്ഥാനത്ത് നിങ്ങൾ ബഹുമാനിക്കപ്പെടുകയും, ഉയർത്തപ്പെടുകയും ചെയ്യും. സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കും എന്നാണ് കർത്താവിന്റെ വാഗ്ദത്തം. ഇന്ന് നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ തിന്മയും നന്മയായി മാറുവാൻ പോകുന്നു. അവസാനം നന്മയായിരിക്കും.




## കഷ്ടതയിൽ യോസേഫിന്റെ ഉയർച്ച

വായിക്കുവാൻ - സങ്കീർത്തനം 105:17-22
യാക്കോബിന്റെ മകനായ യോസേഫ്. യാക്കോബ് വളരെ സമ്പന്നനാണ്. ദൈവത്താൽ വിളിക്കപ്പെട്ട് അനുഗ്രഹിക്കപ്പെട്ടവൻ. ഇളയമകനായതുകൊണ്ട് യാക്കോബ് യോസേഫിനെ വളരെ ലാളിച്ചു വളർത്തി. 17 വയസ്സുള്ളപ്പോൾ കർത്താവ് യോസേഫിന് ഒരു ദർശനം നൽകി. അതായത് കർത്താവ് തന്നെ തന്റെ സഹോദരന്മാരെക്കാൾ ഉയർത്തുവാൻ പോകുന്നു. നന്മ പ്രതീക്ഷിച്ചുകൊണ്ടിരുന്ന യോസേഫിന്റെ മുന്നിൽ എല്ലാം കീഴ്മേൽ മറിഞ്ഞു. അസൂയാലുക്കളായ അവന്റെ സ്വന്തം സഹോദരന്മാർ അവനെ കച്ചവടക്കാർക്ക് വിറ്റു. അവനെ അടിമയായി മിസ്രയീമിലെ ഉദ്യോഗസ്ഥനായ പോത്തീഫറിന്റെ കൊട്ടാരത്തിലേക്ക് കൊണ്ടുവന്നു. ഒരു സമ്പന്ന കുടുംബത്തിൽ നിന്ന് യോസേഫ് മിസ്രയീമിലേക്ക് അടിമയായി വരുന്നു.

ഒരു ഉന്നത സ്ഥാനത്ത് ആക്കുമെന്ന് കർത്താവ് ദർശനം നൽകി, പക്ഷേ ഇപ്പോൾ ഞാൻ ഒരു



അടിമയായിരിക്കുന്നു എന്ന് നിരാശനാകാതെ, യോസേഫ് കർത്താവിൽ സന്തോഷമായിരുന്നു. പ്രശ്നങ്ങൾ വന്നുകൊണ്ടിരുന്നു. ഒരു സ്ത്രീ നിമിത്തം ചെയ്യാത്ത കുറ്റത്തിന് തടവിലാക്കപ്പെട്ടു. അവനെ ചങ്ങലകളാൽ ബന്ധിച്ച് കാരാഗൃഹത്തിലാക്കി. ജീവിക്കേണ്ട യൗവനപ്രായത്തിൽ ജയിലിൽ കിടന്നു. എന്റെ സഹോദരന്മാർ എന്നെ അടിമയായി വിറ്റു, ചെയ്യാത്ത തെറ്റിന് ജയലിൽ വന്നു, എന്റെ ജീവിതം ഇങ്ങനെ അവസാനിക്കുമോ എന്ന് ചിന്തിച്ചിരിക്കാം. എന്നാൽ കർത്താവ് തനിക്ക് നൽകിയ വാഗ്ദത്തത്തിൽ വിശ്വസിച്ച്, 13 വർഷം ഉപദ്രവങ്ങളുടെയും കഷ്ടതകളുടെയും മദ്ധ്യത്തിലും യോസേഫ് നിരാശനായില്ല, പിറുപിറുത്തില്ല, കർത്താവിൽ നിന്ന് അകന്നുപോയില്ല, കർത്താവിനെ ചോദ്യം ചെയ്തില്ല. കാരണം, അവസാനം നന്മയായിരിക്കുമെന്ന് യോസേഫിന് അറിയാമായിരുന്നു.

തടവിലായിരുന്നപ്പോൾ മിസ്രയീം രാജാവ് അവനെ വിളിച്ചുവരുത്തി, രാജസന്നിധിയിൽ കൊണ്ടുവന്ന് രാജാവിന്റെ സ്വപ്നം വ്യാഖ്യാനിക്കുവാൻ ആവശ്യപ്പെട്ടു. രാജാവിന്റെ സ്വപ്നം വ്യാഖ്യാനിച്ചതിനെ തുടർന്ന്, ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടിട്ടില്ല, നീ തന്നെ ഈ രാജ്യത്തിന്റെ ചുമതല ഏറ്റെടുക്കണം. ക്ഷാമകാലത്ത് ദേശം ഭരിക്കേണ്ടത് നിങ്ങളായിരിക്കണം എന്ന് പറഞ്ഞ് യോസേഫിനെ മിസ്രയീമിന്റെ മേലധികാരിയായി നിയമിച്ചു. കർത്താവ് നൽകിയ ദർശനം യാഥാർത്ഥ്യമാകുമെന്നും കാര്യങ്ങൾ നന്മയായി തീരുമെന്നും യോസേഫിന് അറിയാമായിരുന്നു. അടിമയായി വിറ്റ തന്റെ സഹോദരന്മാരുടെ നടുവിൽനിന്നും കർത്താവ് അവനെ ജാതിയുടെ തലവനായി ഉയർത്തി.

ഒരിക്കൽ ചെന്നൈയിലെ ഒരു വലിയ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന ഒരു സഹോദരനെ ഞാൻ കണ്ടുമുട്ടിയപ്പോൾ, അയാൾ വളരെ ദുഃഖിതനായിരുന്നു. ' നിങ്ങൾ എന്തിനാണ് ദുഃഖിച്ചിരിക്കുന്നത്' എന്ന് ഞാൻ ചോദിച്ചു. 'എനിക്ക് ശേഷം വന്ന വ്യക്തിയ്ക്ക് അവർ സ്ഥാനക്കയറ്റം നൽകി. ആ സ്ഥാനക്കയറ്റം എനിക്ക് ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു, പക്ഷേ അവർ എനിക്ക് പകരം മറ്റൊരാൾക്ക് നൽകി എന്ന് അദ്ദേഹം പറഞ്ഞു. കർത്താവ് നന്മ ചെയ്യുമെന്ന് പറഞ്ഞിട്ടും അയാളുടെ ഹൃദയത്തിന് തൃപ്തി ലഭിച്ചില്ല. അവസാനം ഒരു വചനം പറഞ്ഞ് പ്രാർത്ഥിച്ച് അയച്ചു. 2,3 ദിവസങ്ങൾക്ക് ശേഷം വളരെ സന്തോഷത്തോടെ അയാൾ എന്നെ കാണാൻ വന്നു. എന്താണ് വളരെ സന്തോഷത്തോടെ വരുന്നത് എന്ന് ചോദിച്ചപ്പോൾ, "Promotion ലഭിച്ചയാളെ ഉത്തരേന്ത്യയിലേക്ക് അയച്ചിരിക്കുന്നു" എന്നു പറഞ്ഞു. എനിക്ക് Promotion ലഭിക്കാതിരുന്നത് നന്നായി, ലഭിച്ചിരുന്നെങ്കിൽ ഞാനും ഉത്തരേന്ത്യയിലേക്ക് പോകണമായിരുന്നു എന്നു പറഞ്ഞു. 2 മാസത്തിന് ശേഷം അയാൾക്ക് Promotion നൽകി ചെന്നൈയിൽ തന്നെ ജോലി നൽകുമെന്നും അദ്ദേഹം പറഞ്ഞു. കർത്താവ് അത് നന്മയ്ക്കായി ചെയ്തു. എന്നാൽ ആ സമയത്ത് അത് നമുക്ക് അംഗീകരിക്കാനോ മനസ്സിലാക്കാനോ കഴിയില്ല.

ഇന്ന് നിങ്ങളുടെ വീട്ടലോ, ജോലി സ്ഥലത്തോ, ബിസിനസ്സ് ചെയ്യുന്ന സ്ഥലത്തോ, താമസസ്ഥലത്തോ തെറ്റായ ആരോപണം ചുമത്തുകയോ, കുറ്റപ്പെടുത്തുകയോ ചെയ്യുമ്പോൾ നിങ്ങൾ അസ്വസ്ഥരാകാറുണ്ടോ? തളർന്നു പോകാതിരിക്കുവിൻ! അവസാനം നന്മയായിരിക്കും.

**പ്രിയപ്പെട്ട യൗവനക്കാരെ! ഇന്ന് എല്ലാവരും എന്നെ വെറുക്കുന്നുവല്ലോ എന്ന് നിങ്ങൾ ഭാരപ്പെടുന്നുവോ? ഭാരപ്പെടാതിരിക്കുവിൻ! യോസേഫിനെ ഉയർത്തിയ കർത്താവ് നിങ്ങളെയും ഉയർത്തും. കർത്താവ് നിങ്ങളുടെ കുടുംബത്തെയും ഉയർത്തുവാൻ പോകുന്നു. ഇന്ന് നിങ്ങൾ അപമാനിക്കപ്പെട്ടിരിക്കാം. എന്നാൽ അവസാനം നന്മയായിരിക്കും. ഉല്പത്തി 41:41ൽ, "മിസ്രയീം ദേശത്തിനൊക്കെയും ഞാൻ നിന്നെ മേലധികാരി ആക്കിയിരിക്കുന്നു "എന്ന് മിസ്രയീം രാജാവായ ഫറവോൻ യോസേഫിനോട് പറയുന്നു. കർത്താവ് നിങ്ങളെയും ഉയർത്തുവാൻ പോകുന്നു. എന്നാൽ കഷ്ടവും, അപമാനവും സഹിക്കണം. ദർശനം നഷ്ടപ്പെടുത്താതെ കർത്താവിന് നന്ദി പറയുവിൻ. നിങ്ങൾ ഉയർച്ച പ്രാപിക്കും!!**



# വഴി തിരഞ്ഞെടുക്കുവിൻ

ആരാണ് ജീവിതത്തിൽ വിജയിക്കാൻ ആഗ്രഹിക്കാത്തത്? നിങ്ങൾ ഒരു ജയാളിയായിരിക്കണമെങ്കിൽ, നിങ്ങളുടെ ജീവിതയാത്ര ശരിയായ ദിശയിലായിരിക്കണം. അല്ലെങ്കിൽ വഴിതെറ്റിയ ഒരു കപ്പൽ പോലെ ജീവിതവും വഴിതെറ്റിപ്പോകും. അതുകൊണ്ട് ഈ യൗവനപ്രായത്തിൽ ശരിയായ ദിശ തിരഞ്ഞെടുത്ത് അതിലൂടെ ഉന്മേഷത്തോടെ പോകുവിൻ. നിശ്ചയമായും വിജയം ഉണ്ടാകും. നമ്മൾ ജീവിതത്തിൽ അടുത്തതായി എന്താണ് ചെയ്യാൻ പോകുന്നത് എന്നത് പലർക്കും ഉണ്ടാകുന്ന ചോദ്യമാണ്. ഒരുപക്ഷേ നിങ്ങളും ഇതിനെക്കുറിച്ച് ചിന്തിക്കുന്നുവെങ്കിൽ, ഭാരപ്പെടാതിരിക്കുവിൻ. കർത്താവ് നിങ്ങളെ ശരിയായ ദിശയിലേക്ക് നയിക്കും.

"ഞാൻ നിന്നെ ഉപദേശിച്ച് നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും; ഞാൻ നിന്റെമേൽ ദൃഷ്ടിവച്ച് നിനക്ക് ആലോചന പറഞ്ഞുതരും" (സങ്കീർത്തനം 32:8) എന്നു പറയുന്നു.

അബ്രഹാമിനെ വിട്ടുപിരിഞ്ഞപ്പോൾ ലോത്ത് ശരിയായ ദിശ തീരുമാനിച്ചിരുന്നില്ല. സൊദോമും ഗൊമോറായും അവന്റെ ദൃഷ്ടിയിൽ യഹോവയുടെ തോട്ടം പോലെയും,



പച്ചപ്പുള്ള മിസ്രയീം ദേശംപോലെയും ആയിരുന്നു. "സൊദോംനിവാസികൾ ദുഷ്ടന്മാരും യഹോവയുടെ മുമ്പാകെ മഹാപാപികളും ആയിരുന്നു" (ഉൽപത്തി13:13) എന്ന് അവിടെ പോയതിന് ശേഷമാണ് അവൻ മനസ്സിലാക്കിയത്. അവൻ തന്റെ കണ്ണിൽ ഏറ്റവും മികച്ചതായി തോന്നിയതിനെ തിരഞ്ഞെടുത്തു. ലോത്ത് ഒരു നിമിഷം ചിന്തിച്ചിരുന്നെങ്കിൽ ഈ തെറ്റ് സംഭവിക്കുമായിരുന്നില്ല. അതുമാത്രമല്ല, പട്ടണം നശിപ്പിക്കാൻ കർത്താവ് തീരുമാനിച്ചപ്പോൾ, അവനും കുടുംബവും രക്ഷപ്പെടാൻ "ഈ പ്രദേശത്തെങ്ങും നില്ക്കയുമരുത്; നിനക്കു നാശം ഭവിക്കാതിരിപ്പാൻ പർവതത്തിലേക്ക് ഓടിപ്പോക" എന്നു അരുളപ്പാടുണ്ടായി (ഉൽപത്തി 19:17).

എന്നാൽ അവനോ കർത്താവ് പറഞ്ഞ വഴിയിലൂടെ പോകാതെ തന്റെ ഇഷ്ടപ്രകാരം പോയതിനാൽ അവനും കുടുംബവും വളരെയധികം കഷ്ടപ്പെട്ടു. "ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നുന്നു. അതിന്റെ അവസാനമോ മരണവഴികൾ അത്രേ" (സദൃ.16:25). നിങ്ങൾക്ക് ചുറ്റുമുള്ള ആളുകളും സ്നേഹിതരും അവർക്ക് നല്ലതെന്ന് തോന്നുന്ന വഴിയിലൂടെ പോയാലും, നിങ്ങൾ കർത്താവിനെ അന്വേഷിക്കുകയും ശരിയായ ദിശ തീരുമാനിക്കുകയും വേണം. അപ്പോൾ നിങ്ങളുടെ വഴികൾ സ്ഥിരപ്പെടും.

നമ്മുടെ കർത്താവ് കരുണയും മനസ്സലിവും സ്നേഹവുമുള്ളവനാണ് എന്ന് യോനായുടെ ജീവിതത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു. യോന പോകാൻ ആഗ്രഹിക്കാത്ത സ്ഥലമായിരുന്നു നിനവേ. പക്ഷേ കർത്താവ് അവനോട് അവിടേക്ക് പോകാൻ കൽപ്പിച്ചു. എന്നാൽ അവൻ കർത്താവ് അരുളിച്ചെയ്ത വഴിയിലൂടെ പോകുന്നതിന് പകരം, അവന്റെ ഇഷ്ടപ്രകാരമുള്ള ദിശയിലേക്ക് സഞ്ചരിക്കാൻ തുടങ്ങി. 500 മൈൽ അകലെയുള്ള നിനവേയിലേക്ക് പോകാതെ 2,000 മെൽ അകലെയുള്ള തർശ്ശീശിലേക്ക് പോയതിനാൽ അവന് വലിയ നഷ്ടങ്ങൾ സംഭവിച്ചു. കർത്താവ് കാണിച്ചുതരുന്ന ദിശയ്ക്ക് പകരം സ്വന്തം ആഗ്രഹങ്ങളെ പിന്തുടരാൻ തീരുമാനിച്ചതിനാൽ നമ്മിൽ പലർക്കും വലിയ നഷ്ടങ്ങളും ആശയക്കുഴപ്പങ്ങളും ഉണ്ടാവുകയും ജീവിതം പാഴായി പോവുകയും ചെയ്തു. ദൈവത്തിന്റെ വഴികളിൽ നടക്കാതെയും, കർത്താവിൽ ആശ്രയിക്കാതെയും, തന്റെ ഉദ്ദേശ്യങ്ങൾ അവഗണിക്കുമ്പോൾ നാം അടിച്ചമർത്തപ്പെടുന്നു.

**പ്രിയപ്പെട്ട യൗവനക്കാരെ, ഇന്ന് നിങ്ങൾ കർത്താവ് കാണിച്ചുതരുന്ന ദിശയിലാണോ? അതോ കർത്താവിനെ അവഗണിച്ച് ഞെരുക്കത്തിൽ അകപ്പെട്ടിരിക്കുന്നുവോ? ചിന്തിച്ച് നോക്കുവിൻ. നിങ്ങൾ നിങ്ങളുടെ വഴികളും പ്രവർത്തികളും ശരിയാക്കുവിൻ. യേശുവിനെ വിശ്വസിക്കുകയും കർത്താവ് കാണിച്ചുതരുന്ന ദിശ പിന്തുടരുകയും ചെയ്യുമ്പോൾ കർത്താവിന്റെ കരം നിങ്ങളെ നയിക്കുന്നതായി നിങ്ങൾക്ക് അനുഭവപ്പെടും. "നിന്റെ എല്ലാവഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരേയാക്കും" (സദൃ.3:6).**





# പ്രാർത്ഥന ഡയറി

## ജൂൺ 2025

## പ്രാർത്ഥന വിഷയങ്ങൾ

1. മരുന്ന് നിർമ്മാണ കമ്പനികളിൽ ജോലി ചെയ്യുന്ന 6.5 ലക്ഷം ജനങ്ങൾ രക്ഷ പ്രാപിക്കുവാനായി പ്രാർത്ഥിക്കുവിൻ.
2. മരുന്ന് നിർമ്മാണ കമ്പനികൾ ഗുണനിലവാരമുള്ള മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.
3. നിലവാരമില്ലാത്ത മരുന്നുകൾ നിർമ്മിക്കുന്ന കമ്പനികൾ സർക്കാർ നിരോധിക്കുവാനായി പ്രാർത്ഥിക്കുവിൻ.



4. നമ്മുടെ രാജ്യത്തിലെ 3.4 കോടി മത്സ്യത്തൊഴിലാളികൾ രക്ഷ പ്രാപിക്കുവാനും, സംരക്ഷിക്കപ്പെടാനും പ്രാർത്ഥിക്കുവിൻ.
5. നമ്മുടെ രാജ്യത്തിലെ മത്സ്യത്തൊഴിലാളികളുടെ അധ്വാനം അനുഗ്രഹിക്കപ്പെടാനും അവരുടെ ഉപജീവനമാർഗം മെച്ചപ്പെടുവാനും പ്രാർത്ഥിക്കുവിൻ.
6. മത്സ്യത്തൊഴിലാളി കുടുംബത്തിലെ കുഞ്ഞുങ്ങൾ വിദ്യാഭ്യാസത്തിൽ മുന്നേറുവാനും, നല്ല തൊഴിലവസരങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കുവിൻ.



7. നമ്മുടെ രാജ്യത്തിലെ യുവതീ യുവാക്കൾ റോഡപകടങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കുവിൻ.
8. റോഡപകടങ്ങളിലൂടെ രക്തം ചിന്തപ്പെടാൻ ശ്രമിക്കുന്ന സാത്താന്റെ തന്ത്രങ്ങൾ നശിച്ചുപോകാനായി പ്രാർത്ഥിക്കുവിൻ.
9. മദ്യപിച്ച് അമിതവേഗതയിൽ വാഹനമോടിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കാൻ സർക്കാർ നടപടി എടുക്കുവാനായി പ്രാർത്ഥിക്കുവിൻ.




10. ഇന്ത്യയിലെ 65 കോടി സ്ത്രീകളും രക്ഷ പ്രാപിക്കുവാനായി പ്രാർത്ഥിക്കുവിൻ.
11. എല്ലാ ഉപദ്രവങ്ങളിൽ നിന്നും സ്ത്രീകൾ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കുവിൻ.
12. സ്ത്രീകളുടെ മദ്ധ്യത്തിൽ ഒരു വലിയ ഉണർവ് ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.
13. ഇന്ത്യയിലെ ആഗോള ഇടപാടുകളിൽ 30% വും ഇന്റർനെറ്റ് വഴി നടക്കുന്നതിനാൽ കുറ്റകൃത്യങ്ങൾ സംഭവിക്കാതിരിക്കുവാനായി പ്രാർത്ഥിക്കുവിൻ.
14. ഇന്റർനെറ്റ് വഴി ജനങ്ങളെ കബളിപ്പിക്കുന്ന മാഫിയ സംഘങ്ങളെ കണ്ടുപിടിക്കാനും, അവരുടെ പ്രവൃത്തികൾ തടയപ്പെടാനും പ്രാർത്ഥിക്കുവിൻ.
15. ഇന്റർനെറ്റ് വഴി ആളുകളുടെ വിവരങ്ങളും പണവും മോഷ്ടിക്കപ്പെടുന്നത് തടയപ്പെടുന്നതിനായി പ്രാർത്ഥിക്കുവിൻ.



16. ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങളിൽ നിന്ന് (കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, കാട്ടുതീ) ജനങ്ങൾ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കുവിൻ.

17. ആഗോളതാപനം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

18. വായു മലിനീകരണത്തിൽ നിന്നും ഇന്ത്യ സംരക്ഷിക്കപ്പെടാനും, ഉയർന്ന അളവിൽ മലിനീകരണം പുറപ്പെടുവിക്കുന്ന ഫാക്ടറികൾക്കെതിരെ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുവാനും പ്രാർത്ഥിക്കുവിൻ.



19. വായു മലിനീകരണം നിമിത്തമുണ്ടാകുന്ന രോഗങ്ങളിൽ നിന്നും മരണങ്ങളിൽ നിന്നും ജനങ്ങൾ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കുവിൻ.

20. വായു മലിനീകരണം നിമിത്തം ബാധിക്കപ്പെടുന്ന രോഗികളുടെ രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുവിൻ.,

21. മനുഷ്യ ജീവന്റെ മൂല്യം മനസ്സിലാക്കാതെ ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തുന്ന മനുഷ്യരുടെ ഹൃദയം രൂപാന്തരപ്പെടുന്നതിനായി പ്രാർത്ഥിക്കുവിൻ.

22. ഉയർന്ന ലാഭം ലഭിക്കുന്നതിന്, മായം കലർത്തി കുറഞ്ഞ ചെലവിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവരുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെയും രാഷ്ട്രീയ നേതാക്കളെയും കർത്താവ് സന്ദർശിക്കുവാനായി പ്രാർത്ഥിക്കുവിൻ.

23. പുതിയ അദ്ധ്യായന വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ദശലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ പഠനം കർത്താവ് അനുഗ്രഹിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.

24. എല്ലാ വിദ്യാർത്ഥികളുടെയും സുരക്ഷിതത്വത്തിനും, ക്ഷേമത്തിനും ആരോഗ്യത്തിനുമായി പ്രാർത്ഥിക്കുവിൻ.

25. സ്കൂളുകളിൽ നല്ല സൗകര്യങ്ങൾ ഉണ്ടാകുവാനും, വിദ്യാർത്ഥികൾ അപകടങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

26. ഇന്ത്യയിലെ തുറമുഖങ്ങളുടെമേൽ ദൈവീക ആധിപത്യവും സംരക്ഷണവും ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

27. തുറമുഖം വഴി മയക്കുമരുന്നും മൂല്യവർദ്ധിത വസ്തുക്കളും കള്ളക്കടത്ത് നടത്തുന്നത് തടയപ്പെടുന്നതിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

28. തുറമുഖങ്ങളിൽ നിയമവിരുദ്ധ കുറ്റകൃത്യങ്ങൾ സംഭവിക്കുന്നത് തടയാൻ സർക്കാർ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.

29. ഇന്ത്യയിൽ കവർച്ചകൾ നടക്കാതിരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

30. കവർച്ചകളിൽ ഏർപ്പെട്ടിരിക്കുന്നവർ മാനസാന്തരപ്പെട്ട് രക്ഷ പ്രാപിക്കുവാനായി പ്രാർത്ഥിക്കുവിൻ.

31. വസ്തുവകകളും പണവും നഷ്ടപ്പെട്ടവർക്ക് അത് തിരികെ ലഭിക്കുവാനായി പ്രാർത്ഥിക്കുവിൻ.






Seeds of Revival

# ഉണർവിന്റെ വിത്തുകൾ

ബർമ്മയിൽ 63 പള്ളികൾ സ്ഥാപിക്കുകയും, 163 പുരോഹിതന്മാരെയും ശുശ്രൂഷകരെയും മാത്രമല്ല,
7,000-ത്തിലധികം ബർമീസ് ആളുകളെ ക്രിസ്തുവിലേക്ക് നയിക്കുകയും ചെയ്ത അഡോണിറാം ജ
ഡ്സൺ എന്ന മിഷനറിയുടെ ജീവിതത്തെക്കുറിച്ച് കഴിഞ്ഞ മാസം വായിച്ചു. ഈ മാസം നാം ജെയിംസ്
ചാൽമേഴ്സ് എന്ന മിഷനറിയെക്കുറിച്ച് നോക്കുവാൻ പോകുന്നു.







1841 ആഗസ്റ്റ് 4 ന് സ്കോട്ട്ലന്റിലെ ആർഗൈലിലുള്ള ആർഡ്രിഷൈഗ് എന്ന ഗ്രാമത്തിൽ ഒരു കൽപ്പണിക്കാരന്റെ ഏക മകനായി ജെയിംസ് ചാൽമേഴ്സ് ജനിച്ചു. ജെയിംസിന് 7 വയസ്സുള്ളപ്പോൾ അദ്ദേഹത്തിന്റെ കുടുംബം ഇൻവറാറേയിലേക്ക് താമസം മാറി, അവിടെയുള്ള സ്കൂളിൽ വിദ്യാഭ്യാസം തുടർന്നു. 13-ാം വയസ്സിൽ ഒരു വർഷത്തോളം ഗ്രാമർ സ്കൂളിലും പഠിച്ചു. തുടർന്ന് ഇൻവറാറേയിലെ ഒരു അഭിഭാഷക ഓഫീസിൽ ജോലി ചെയ്തു. 18-ാം വയസ്സിൽ തന്റെ ജന്മനാട്ടിൽ നടന്ന ഒരു ഉണർവ് യോഗത്തിൽ അദ്ദേഹം രക്ഷിക്കപ്പെട്ട് യേശുവിന്റെ സ്നേഹം മനസ്സിലാക്കി, ഒരു മിഷനറിയാകാൻ തന്റെ ജീവിതം സമർപ്പിച്ചു. ബിരുദം പൂർത്തിയാക്കിയ ശേഷം,26 വയസ്സുള്ളപ്പോൾ അദ്ദേഹം ലണ്ടൻ മിഷനറി സൊസൈറ്റിയിൽ ചേർന്നു.

1865 ഒക്ടോബർ 17ന് അദ്ദേഹം ജെയിൻ ഹെർക്കസിനെ വിവാഹം കഴിച്ചു. രണ്ട് ദിവസത്തിനുശേഷം അദ്ദേഹം ക്രിസ്തീയ ശുശ്രൂഷകൾക്കായി ഒരു മിഷനറിയായി ദക്ഷിണ പസഫിക് ദ്വീപായ രാരോടാംഗയിലേക്ക് പോയി. ക്രിസ്തുവിനെ അറിയാത്ത രാരോടാംഗ ദ്വീപിൽ താമസിക്കുന്ന തദ്ദേശീയരുടെ ഭാഷ അദ്ദേഹം പെട്ടെന്ന് പഠിക്കുകയും, ആ ഭാഷയിൽ അവരോട് ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുത്തുകയും ചെയ്തു. ആ ദ്വീപിൽ 10 വർഷം മിഷനറിയായി ശുശ്രൂഷ ചെയ്തു. അന്ധകാരത്തിന്റെ

ബന്ധനത്തിലായിരുന്ന ആളുകളെ യഥാർത്ഥ വെളിച്ചമായ യേശുവിലേക്ക് കൊണ്ടുവന്നു. ഇവിടെ അദ്ദേഹം നിരവധി കഷ്ടതകളും, വിജയവും നേരിട്ടിരുന്നു. പിന്നീട് 1877ൽ, 36-ാം വയസ്സിൽ ജെയിംസ് ചാൽമേഴ്സ് ഭാര്യയോടൊപ്പം ഓസ്ട്രേലിയയുടെ വടക്ക് ഭാഗത്തുള്ള ഒരു ദ്വീപ് രാഷ്ട്രമായ ന്യൂ ഗിനിയയിലേക്ക് പോയി. ആ ദ്വീപുകളിൽ താമസിച്ചിരുന്ന ആളുകൾ നരഭോജികളായിരുന്നു. പരിഷ്കൃത മനുഷ്യന് മനസ്സിലാക്കാൻ കഴിയാത്ത ഭീകരതകളും ദുഷ്ട മനുഷ്യരാലും ദ്വീപ് നിറയപ്പെട്ടിരുന്നു. അപകടകാരികളായ ആ മനുഷ്യരോട് സുവിശേഷം അറിയിക്കുവാൻ പോയപ്പോൾ അദ്ദേഹം ആയുധങ്ങളൊന്നും കൊണ്ടുപോയിരുന്നില്ല. എന്തെന്നാൽ നാം ആയുധങ്ങളുമായി അവിടെ പോയാൽ, വെള്ളക്കാരൻ നമ്മെ ആക്രമിക്കാൻ വന്നിരിക്കുന്നു എന്നു പറഞ്ഞ് അവർ ഓടിപ്പോകും. അല്ലെങ്കിൽ അവർ ആക്രമിക്കുവാൻ തുടങ്ങും. ദുർബലരായ ആദിവാസി ജനങ്ങളോട് അദ്ദേഹം അനുകമ്പയുള്ളവനായി ക്രിസ്തുവിന്റെ സ്നേഹം അറിയിച്ചു. 90 ഗ്രാമ ദ്വീപുകൾ സന്ദർശിച്ച ആദ്യത്തെ വെള്ളക്കാരനായിരുന്നു അദ്ദേഹം. യേശുവിന്റെ സ്നേഹം വെളിപ്പെടുത്തിയതും അദ്ദേഹമായിരുന്നു.

ഒരു ദിവസം കൊറിബാർ ദ്വീപിലേക്ക് ബോട്ടിൽ പോയ ജെയിംസ് ചാൽമേഴ്സിനെ ദ്വീപിലെ തദ്ദേശീയർ വളഞ്ഞു. അദ്ദേഹം ബോട്ടിൽ നിന്ന് ഇറങ്ങാതെ തന്റെ സ്ഥലത്തേക്ക് മടങ്ങുകയും അടുത്ത ദിവസം തിരിച്ചുവരുമെന്നും പറഞ്ഞു. അടുത്ത ദിവസം, 1901 ഏപ്രിൽ 8ന് ഈസ്റ്റർ ഞായറാഴ്ച ശുശ്രൂഷകൾ പൂർത്തിയാക്കിയ ശേഷം, ക്രിസ്തുവിന്റെ ഉയിർപ്പിന്റെ സുവിശേഷം അറിയിക്കാൻ അദ്ദേഹം ഒലിവർ ടോംകിൻസ് എന്ന മിഷനറിയുമായി അപകടകരമായ കോറിബാർ ദ്വീപിലേക്ക് പോയി.

അവരുടെ വരവിൽ വളരെ സന്തുഷ്ടരായ ദ്വീപ് നിവാസികൾ ഇരുവരെയും ആവേശത്തോടെ സ്വീകരിച്ചു, അവർ ഞങ്ങളെ ഡുബു എന്ന കോട്ടയിലേക്ക് കൊണ്ടുപോയി. ആ സ്ഥലത്ത് അവർ ജനങ്ങളെ മരിക്കുന്നതുവരെ ആക്രമിക്കുകയും, തുടർന്ന് അവരെ ബലിയർപ്പിച്ച് ഭക്ഷിക്കുകയും ചെയ്തിരുന്നു. ഇതൊന്നും അറിയാതെ, ജെയിംസ് ചാൽമേഴ്സും ഒലിവർ ടോംകിൻസും ക്രിസ്തുവിന്റെ സ്നേഹം അവരോട് അറിയിക്കുവാൻ ഡുബു എന്ന സ്ഥലത്ത് പോയി. മരം കൊണ്ടുണ്ടാക്കിയ ശവപ്പെട്ടികളുടെ ചുറ്റും ധാരാളം മനുഷ്യ തലയോട്ടികൾ കൂട്ടിയിട്ടിരുന്നു. അവർ രണ്ടുപേരും അത് നോക്കിക്കൊണ്ടിരുന്നപ്പോൾ, ഒരു മുന്നറിയിപ്പുമില്ലാതെ, ആ ഗോത്രവർഗക്കാർ അവരെ ആക്രമിക്കാൻ തുടങ്ങി. നിമിഷനേരത്തിനുള്ളിൽ അവരുടെ മൃതദേഹം കഷണങ്ങളാക്കി മുറിച്ച് സമീപത്ത് തിളച്ചുമറിഞ്ഞുകൊണ്ടിരുന്ന ഒരു പാത്രത്തിലേക്ക് എറിഞ്ഞു. യേശു ഉയിർത്തെഴുന്നേറ്റ ദിനത്തിൽ, ജെയിംസ് ചാൽമേഴ്സും, ഒലിവർ ടോംകിൻസും യേശുവിനെ പ്രഘോഷിക്കുന്നതിനിടയിൽ ആ ദ്വീപ് നിവാസികൾക്ക് ഭക്ഷണമായി. ജെയിംസ് ചാൽമേഴ്സിന്റെയും, ഒലിവർ ടോംകിൻസിന്റെയും മൃതദേഹം ജനങ്ങൾക്ക് വിത്തും, ഭക്ഷണവുമായി മാറിയെന്നറിഞ്ഞ നിരവധി മിഷനറിമാർ ന്യൂ ഗിനിയ ദ്വീപിൽ പോയി യേശുവിന്റെ സ്നേഹം പ്രഖ്യാപിച്ചു. അനേകർ ക്രിസ്തുവിനെ സ്വന്തം രക്ഷകനായി സ്വീകരിച്ചു.

തൽഫലമായി, 7 ദശലക്ഷത്തിലധികം ജനസംഖ്യയുള്ള ആ ദ്വീപിലെ, 96% ജനങ്ങളും ഇന്ന് ക്രൈസ്തവരായി മാറ്റപ്പെട്ടു. "ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: കോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അത് തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും" (യോഹന്നാൻ 12:24) എന്ന ഉപമ വളരെ ലളിതവും, എന്നാൽ ആഴമേറിയ ഒരു സത്യവുമാണ്. ജെയിംസ് ചാൽമേഴ്സിന്റെ സമർപ്പണത്തിന്റെ ഫലമായി, ധാരാളം ആളുകൾ ക്രിസ്തുവിനെ തങ്ങളുടെ സ്വന്തം രക്ഷകനായി സ്വീകരിച്ചു. ഇന്ന് 7 കോടിയിലധികം ജനസംഖ്യയുള്ള ദ്വീപിലെ 96% ജനങ്ങളും ക്രൈസ്തവരായി മാറുകയും, ആ ദേശത്ത് വലിയൊരു മാറ്റം ഉണ്ടാവുകയും ചെയ്തു.

**പ്രിയപ്പെട്ട യൗവനക്കാരെ, ഇന്ന് ദ്വീപുകളും നഗരങ്ങളും ഗ്രാമങ്ങളും നിങ്ങളെ കാത്തിരിക്കുന്നു. നിങ്ങൾ നിങ്ങളെത്തന്നെ കർത്താവിന്റെ ഹിതത്തിനായി സമർപ്പിക്കുമ്പോൾ, കർത്താവ് നിങ്ങളിലൂടെ വലിയ കാര്യങ്ങൾ ചെയ്യും..!**





# ഞാൻ ഒരു പ്രാർത്ഥന നായകൻ

പ്രിയ സഹോദരീ സഹോദരന്മാരെ, പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി സ്കൂളിൽ പോകുവാൻ തുടങ്ങിയിരിക്കുന്നു അല്ലേ. ഈ പുതിയ അദ്ധ്യാന വർഷത്തിലേക്ക് പ്രവേശിച്ച എല്ലാ വിദ്യാർത്ഥികൾക്കും എന്റെ സ്നേഹാശംസകൾ! ഓരോ മാസവും ഞാൻ ഒരു പ്രാർത്ഥന നായകൻ എന്ന തലക്കെട്ടിൽ വൈവിധ്യമാർന്ന പ്രാർത്ഥനകളെക്കുറിച്ച് അറിഞ്ഞുവരുന്നു. കഴിഞ്ഞ മാസത്തിൽ നാമം മദ്ധ്യസ്ഥ പ്രാർത്ഥനയെക്കുറിച്ച് അറിഞ്ഞു. ആ ക്രമത്തിൽ ആരൊക്കെ ഈ മാസം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു? ഈ മാസം എന്തിനുവേണ്ടിയാണ് ഉപവസിക്കുന്നത് എന്നതിനെക്കുറിച്ച് പരിശോധിക്കാം.

## ഉപവാസ പ്രാർത്ഥന

നാം ഭക്ഷണം ത്യജിച്ച് പ്രാർത്ഥിക്കുന്ന പ്രാർത്ഥനയാണ് ഉപവാസ പ്രാർത്ഥന. ദൈവത്തിന് മുന്നിൽ നാം നമ്മെതന്നെ താഴ്ത്തുന്നു എന്നതിന്റെ അടയാളമാണ് ഉപവാസം. യോവേൽ 2:12-16 ൽ പറഞ്ഞിരിക്കുന്നതുപോലെ, നാം പൂർണ ഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടുംകൂടെ ദൈവത്തിങ്കലേക്ക് തിരിയണം.

വചനത്തിൽ 40 ദിവസം ഉപവാസം, 21 ദിവസം ഉപവാസം, 3 ദിവസം ഉപവാസം എന്നിങ്ങനെ നിരവധി ഉപവാസങ്ങൾ കാണുന്നു. വിശുദ്ധ വേദപുസ്തകത്തിൽ വ്യത്യസ്ത സാഹചര്യങ്ങളിൽ പലരും ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതായി നാം വായിക്കുന്നു. ഓരോരുത്തരുടെയും പ്രാർത്ഥന വ്യത്യസ്തമായിരുന്നു.

## എസ്ഥേർ എന്തിനു വേണ്ടിയാണ് ഉപവസിച്ചത് ?

എസ്ഥേർ ഒരു യഹൂദ സ്ത്രീയായിരുന്നു. അവൾ ശൂശനിൽ നിന്ന് യെരൂശലേമിലേക്ക് വന്ന് അഹശ്വേരോശ് രാജാവിന്റെ കൊട്ടാരത്തിൽ രാജ്ഞിയായി തിരഞ്ഞെടുക്കപ്പെട്ടു. എല്ലാ ഉദ്യോഗസ്ഥരുടെയും തലവനായിരുന്ന ഹാമാന് എല്ലാവരും തന്നെ വണങ്ങണമെന്ന് ഹൃദയത്തിൽ അഹങ്കരിച്ചിരുന്നു. മൊർദ്ദെഖായി അവനെ വണങ്ങാൻ വിസമ്മതിച്ചതിനാൽ അവനെ കൊല്ലാൻ തീരുമാനിച്ചു. താൻ ഒരു യഹൂദനാണെന്ന് അറിഞ്ഞപ്പോൾ, രാജ്യത്തിലുള്ള എല്ലാ യഹൂദന്മാരെയും കൊല്ലാൻ അവൻ പദ്ധതിയിട്ടു. യഹൂദന്മാരെക്കുറിച്ച് തെറ്റായ വാർത്തകൾ പ്രചരിപ്പിച്ചുകൊണ്ട് അവരെ നശിപ്പിക്കാൻ ഒരു നിയമം പുറപ്പെടുവിക്കാൻ അവൻ അഹശ്വേരോശ് രാജാവിനോട് ആവശ്യപ്പെട്ടു. അതുകൊണ്ട് ആദാർ മാസം 13-ാം തിയതി എല്ലാ യഹൂദന്മാരെയും കൊല്ലാൻ ഹാമാൻ ഒരു നിയമം ഉണ്ടാക്കുന്നു.



എസ്ഥേർ ഈ കല്പനയെക്കുറിച്ച് അറിഞ്ഞിരുന്നില്ല. അതുകൊണ്ട് നീ രാജസന്നിധിയിൽ ചെന്ന് രാജാവിനോട് സംസാരിക്കണം എന്ന് എസ്ഥേറിന്റെ

അമ്മാവനായ മൊർദ്ദെഖായി പറഞ്ഞു. വിളിക്കപ്പെടാതെ രാജാവിന്റെ അടുക്കൽ പോയാൽ കൊല്ലപ്പെടുമെന്ന് അവൾക്കറിയാമായിരുന്നിട്ടും, തന്റെ ജനം രക്ഷപ്രാപിക്കണമെങ്കിൽ, താൻ രാജാവിന്റെ മുന്നിൽ പോകണമെന്ന തീരുമാനത്തോടെ ധൈര്യമായി പോയി. ഈ ദുഷ്കരമായ സാഹചര്യത്തിൽ, മൂന്നു ദിവസം രാവും പകലും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ എനിക്കുവേണ്ടി ഉപവസിപ്പിൻ; ഞാനും എന്റെ വാല്യക്കാരത്തികളും അങ്ങനെതന്നെ ഉപവസിക്കും എന്ന് എസ്ഥേർ മൊർദ്ദെഖായിയ്ക്ക് സന്ദേശം അയച്ചു. യഹൂദന്മാർക്കെതിരെ ഉയർന്ന അപകടങ്ങൾക്കെതിരെ അവളും ദാദിമാരും ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

ഈ പ്രാർത്ഥനയുടെ ശക്തിയോടെ രാജാവിനെ കാണാൻ പോയ എസ്ഥേറിന്, രാജാവിന്റെ ദൃഷ്ടിയിൽ കൃപ തോന്നി, യഹൂദന്മാർക്ക് സഹായവും ലഭിച്ചു. യഹൂദന്മാർക്കെതിരെ ഗൂഢാലോചന നടത്തിയ ഹാമാനെ അയാൾ നിർമ്മിച്ച കഴുമരത്തിൽ തൂക്കിലേറ്റി. എസ്ഥേറും യഹൂദന്മാരും ഹൃദയം തകർന്ന് ആചരിച്ച ഉപവാസത്തെ കർത്താവ് മാനിച്ചു (എസ്ഥേർ 4:13-16).

**വേദപുസ്തകത്തിൽ ഇതുപോലെ പലരും ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ ചിലത് നോക്കാം...**

## 40 ദിവസം ഉപവസിച്ചവർ:

**മോശെ:** സീനായ് പർവതത്തിൽ 10 കൽപ്പനകൾ ലഭിക്കാൻ 40 ദിവസം രാവും പകലും ഉപവസിച്ചു (ആവർ.9). കല്പ്പനകൾ സ്വീകരിച്ചതിനുശേഷം മോശെ താഴെ ഇറങ്ങിവന്നപ്പോൾ ഇസ്രായേല്യർ ഒരു സ്വർണ്ണ കാളക്കുട്ടിയെ വാർത്തുണ്ടാക്കി ആരാധിക്കുകയും 10 കല്പനകൾ ലംഘിക്കുകയും ചെയ്തതുകണ്ട് അവൻ കോപാകുലനായി. ജനങ്ങളോട് ക്ഷമിക്കുന്നതിനായും, 10 കല്പനകൾ ലഭിക്കുവാനുമായി അവൻ രണ്ടാമതും 40 ദിവസം ഉപവസിച്ചു.



**യേശു:** തന്റെ 3 1/2 വർഷത്തിലെ ശുശ്രൂഷ ആരംഭിക്കുന്നതിന് മുമ്പ് യേശു മരുഭൂമിയിൽ 40 ദിവസം ഉപവസിച്ചു. 40 ദിവസം ഉപവസിച്ചതിനുശേഷം സാത്താൻ യേശുവിനെ ഒരു ഉയർന്ന മലയിൽ കൊണ്ടുപോയി, അവിടെ യേശു സാത്താനെ പരാജയപ്പെടുത്തി (മത്തായി 4:2,8).



## 3 ദിവസം ഉപവസിച്ചവർ:

**എസ്രാ:** ബാബിലോണിൽ നിന്ന് യെരൂശലേമിലേക്കുള്ള യാത്രയിൽ സുരക്ഷയ്ക്കായി 3 ദിവസം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു (എസ്രാ 8:15-21).

**യോനാ:** മത്സ്യത്തിന്റെ വയറ്റിൽ വച്ച്, അവൻ 3 ദിവസം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു (യോനാ 1:17).

**പൗലൊസ്:** തന്റെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം എന്താണെന്ന് അറിയുവാൻ 3 ദിവസം ഉപവസിച്ച് പ്രാർത്ഥിച്ചു (അപ്പൊ. പ്രവ. 99).

**യെഹോശാഫാത്ത്:** ശത്രുവിന്റെ ആക്രമണം കണ്ടപ്പോൾ, കർത്താവിനെ അന്വേഷിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് യെഹൂദ്യയിലുടനീളം ഒരു ഉപവാസം പ്രഖ്യാപിച്ചു. എല്ലാവരും ഏകമനസ്സോടെ പ്രാർത്ഥിച്ചപ്പോൾ, ദേശത്തെ വളഞ്ഞിരുന്ന ശത്രുക്കൾ പരസ്പരം എതിർത്ത് തോറ്റുപോയി (2 ദിന. 20:22).

**ദാനീയേൽ:** യഹൂദ്യരുടെ ജീവിതത്തിലെ ദൈവകോപത്തെക്കുറിച്ച് അറിഞ്ഞതിനുശേഷം, തന്റെ ജനത്തിനുവേണ്ടി പ്രാർത്ഥിക്കാൻ തീരുമാനിക്കുന്നു (ദാനീ. 9:3-21).

**നെഹെമ്യാവ്:** യെരൂശലേമിന്റെ മതിലുകൾ ഇടിഞ്ഞും വാതിലുകൾ തീവച്ച് ചുട്ടും കിടക്കുന്നു എന്ന വർത്തമാനം കേട്ടപ്പോൾ നെഹെമ്യാവ് ഇരുന്നു കരഞ്ഞു, കുറെ നാൾ ദുഃഖിച്ചും ഉപവസിച്ചുംകൊണ്ടു സ്വർഗത്തിലെ ദൈവത്തോടു പ്രാർത്ഥിച്ചു (നെഹെമ്യാവ് 1:4).

**വേദപുസ്തകത്തിൽ ഉപവാസവും പ്രാർത്ഥനയും ദൈവത്തെ സമീപിക്കുന്നതിനുള്ള ശക്തമായ ആയുധങ്ങളാണ്. എസ്ഥേർ, മോശെ, യേശു, പൗലൊസ് എന്നിവരെല്ലാം ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ദൈവകൃപ നേടിയെടുത്തു. അവർ നേരിട്ട എല്ലാ വെല്ലുവിളികളിലും ഉപവാസവും പ്രാർത്ഥനയുമായിരുന്നു വിജയത്തിലേക്കുള്ള അവരുടെ പാത. ഈ ദിവസങ്ങളിൽ നാം നേരിടുന്ന ആശയക്കുഴപ്പങ്ങളും, പോരാട്ടങ്ങളും, സംശയങ്ങളും, പരീക്ഷണങ്ങളും അതിജീവിക്കുവാനുള്ള ശക്തി ഉപവാസത്തിനും പ്രാർത്ഥനയ്ക്കുമുണ്ട്. തകർക്കുവാൻ കഴിയാത്ത പർവതങ്ങളെയും, പാപബന്ധങ്ങളെയും നീക്കുവാനും, അസാധ്യമായ കാര്യങ്ങൾ നേടിയെടുക്കുവാനും ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശക്തിയുണ്ട്. ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ! തടസ്സങ്ങൾ അതിജീവിക്കുവിൻ!**

# സ്വപ്നങ്ങൾ ഉയർന്നതാണെങ്കിൽ കൊടുമുടികളും കീഴടക്കും!



യുവ വിജയികൾക്ക് എന്റെ സ്നേഹാശംസകൾ! നാം ഓരോ മാസവും കാണുന്ന എല്ലാ നേട്ടക്കാരും തങ്ങളുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സ്വപ്നം കാണുന്നവരോ, 'എനിക്ക് അത് ചെയ്യുവാൻ കഴിയും' എന്നു പറഞ്ഞുകൊണ്ടിരുന്നവരോ അല്ല. നേരെമറിച്ച്, തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ രാവും പകലും അധ്വാനിച്ചതിന്റെ ഫലമായി ഇന്ന് ലോകത്തെ അത്ഭുതപ്പെടുത്തുന്ന നേട്ടക്കാർ ആയിരിക്കുന്നു. സ്വപ്നം + കഠിനാധ്വാനം + സ്ഥിരോത്സാഹം എന്നിവയിലൂടെ വിജയം കരസ്ഥമാക്കിയ ഒരു സമർത്ഥയായ സ്ത്രീയുടെ ജീവിതം നിങ്ങൾക്കായി....



തമിഴ്നാട്ടിലെ വിരുദുനഗർ ജില്ലക്കാരിയാണ് മുത്തമിഴ് സെൽവി. തന്റെ കോളേജ് പഠനം പൂർത്തിയാക്കിയ ശേഷം ജാപ്പനീസ് ഭാഷ പഠിച്ചു. പിന്നീട് ഒരു കോർപ്പറേറ്റ് കമ്പനിയിൽ പരിഭാഷകയായി ജോലി ചെയ്തു. ജീവിതം സന്തോഷവും സമാധാനവും നിറഞ്ഞതായിരുന്നു. കൊറോണ കാലത്ത് മുത്തമിഴ് സെൽവി ജോലി ഉപേക്ഷിച്ചു. ഈ ലോകത്തിൽ എന്തെങ്കിലും നേടണമെന്ന ആഗ്രഹം നിലനിന്നപ്പോഴാണ് എവറസ്റ്റ് കീഴടക്കണം എന്ന ആഗ്രഹം ഉണ്ടായത്. ആ ചിന്ത പെട്ടെന്ന് ഉണ്ടായതല്ല. കുട്ടിക്കാലം മുതൽ മുത്തമിഴ് സെൽവിക്ക് കൊടുമുടി കയറുന്നത് വളരെ ഇഷ്ടമായിരുന്നു.

തന്റെ ആഗ്രഹം വിജയിപ്പിക്കാൻ ഉടൻ തന്നെ പ്രവർത്തിക്കുവാൻ തുടങ്ങി. 2021ൽ ശ്രീപെരുമ്പുത്തൂർ പർവതത്തിൽ കണ്ണുകൾ കെട്ടിവച്ച് 58 സെക്കൻഡിനുള്ളിൽ 155 അടി ഉയരം ഇറങ്ങി ലോക റെക്കോർഡ് കീഴടക്കി. അതിനുശേഷം ഹിമാചൽ പ്രദേശിലെ കുളു മണാലിയിലെ ഒരു മലയിൽ നിന്ന് 165 അടി ഉയരത്തിൽ നിന്ന് കണ്ണുമൂടിക്കെട്ടി 55 സെക്കൻഡിനുള്ളിൽ ഇറങ്ങിയാണ് അവർ റെക്കോർഡ്



സ്ഥാപിച്ചത്. തന്റെ സ്വപ്നമായ എവറസ്റ്റ് കീഴടക്കുവാൻ അവർ പതിവായി പരിശീലനം തുടങ്ങി.

എനിക്ക് എവറസ്റ്റ് കീഴടക്കാൻ കഴിയാതെ തിരിച്ചു വന്നാൽ, ഞങ്ങൾ പറഞ്ഞല്ലോ പെൺകുട്ടിക്ക് ഇതൊക്കെ ആവശ്യമാണോ എന്ന് അവർ സാധാരണമായി പറയുമായിരുന്നു. ഈ വാർത്തയ്ക്ക് ഞാൻ വിധേയയാകുകയില്ലെന്ന് ഉറപ്പാക്കുവാൻ അവർ കഠിനാധ്വാനം ചെയ്തു. ഇത് കേട്ട പലരും പ്രതികൂലമായി സംസാരിച്ചു. എന്നാൽ അതൊക്കെ അവഗണിച്ച്, ജീവനെ ഭയന്നാൽ നേടുവാൻ കഴിയില്ലെന്ന് വിശ്വസിച്ചുകൊണ്ട്, 2023 മെയ് 24ന് എവറസ്റ്റ് കൊടുമുടിയും, അതേ വർഷം ജൂലൈ 21 ന് യൂറോപ്പിലെ മൗണ്ട് എൽബ്രസും(5642 മീറ്റർ) കീഴടക്കി. അതിനുശേഷം തുടർച്ചയായി ആറ് ഭൂഖണ്ഡങ്ങളിലെ ആറ് പ്രധാന പർവതങ്ങൾ കയറി വിജയം കൈവരിച്ചു.



**ഇത് വായിക്കുന്ന യൗവനക്കാരെ, തുടക്കത്തിൽ നമ്മുടെ ശ്രമങ്ങൾ പലരും എതിർക്കും. എന്നാൽ നിങ്ങളുടെ വിജയം കാണുമ്പോൾ നിനക്ക് അത് നേടുവാൻ കഴിയുമെന്ന് അപ്പോഴേ എനിക്ക് അറയാമായിരുന്നു എന്നു പറയും. ലോകം പല തരത്തിൽ സംസാരിക്കുന്നു. പക്ഷേ നിങ്ങൾ നിങ്ങളുടെ ലക്ഷ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ ലോകം നിങ്ങളെ പിന്തുടരും....!**




# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

**Trivandrum**
യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം
KVR - 247, മുളവന ജംഗ്ഷൻ,
തേക്കുംമൂട്, കണ്ണമ്മൂല റോഡ്,
തിരുവനന്തപുരം - 695035
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

**Kochi**
Chandrasseri House,
Madaplathuroth,
Moothakunnam - 683 516,
Kochi,
Kerala State.

**Kottayam**
2nd Floor,
Aswathy Tower,
Thekkumgopuram - 686 001,
Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# വീണ്ടും തളിർത്ത അത്തിമരം

**പ്രിയ സ്നേഹിതരെ, യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹാശംസകൾ. വീണ്ടും തളിർത്ത അത്തിമരം എന്ന പംക്തിയിലൂടെ നിങ്ങളെ കണ്ടുമുട്ടിയതിൽ സന്തോഷം.**

ഈ മാസം നാം പുനഃസ്ഥാപിക്കപ്പെട്ട ഇസ്രായേൽ രാജ്യത്തെക്കുറിച്ച് കാണുവാൻ പോകുന്നു. അതായത് ഇസ്രായേൽ വീണ്ടും തളിർത്ത ഒരു അത്തിമരമാണെന്ന് വ്യക്തമായി നമുക്ക് കാണാൻ കഴിയും.

ലോകമെമ്പാടും ചിതറിപ്പോയ യഹൂദന്മാർ അഥവാ ഇസ്രായേല്യർ പല രാജ്യങ്ങളിലും അഭയാർത്ഥികളായി താമസിച്ചു. സ്വന്തം രാജ്യത്തിലേക്ക് മടങ്ങിവരാനുള്ള ആവേശത്തോടെ അവർ ജീവിച്ചു. അവർ താമസിച്ചിരുന്ന എല്ലാ രാജ്യങ്ങളിലും യഹൂദന്മാർ അതായത് യിസ്രായേല്യർ കഠിനമായി അടിച്ചമർത്തപ്പെടുകയും, പീഡിപ്പിക്കപ്പെടുകയും തകർക്കപ്പെടുകയും ചെയ്തു. എന്നാൽ, ഞങ്ങൾക്ക് വീണ്ടും ഞങ്ങളുടെ സ്വന്തം രാജ്യത്തിൽ ജീവിക്കണം എന്നതായിരുന്നു അവരുടെ ഹൃദയത്തിലെ ആഗ്രഹം. അതിനായി അവർ കഠിനാധ്വാനം ചെയ്തു.

"എൻ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽനിന്നു കയറ്റി യിസ്രായേൽ ദേശത്തേക്കു കൊണ്ടുപോകും. അങ്ങനെ എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽനിന്നു



കയറ്റുമ്പോൾ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും. നിങ്ങൾ ജീവിക്കേണ്ടതിനു ഞാൻ എന്റെ ആത്മാവിനെ നിങ്ങളിൽ ആക്കും; ഞാൻ നിങ്ങളെ സ്വദേശത്തു പാർപ്പിക്കും; യഹോവയായ ഞാൻ അരുളിച്ചെയ്തു നിവർത്തിച്ചുമിരിക്കുന്നു എന്നു നിങ്ങൾ അറിയും എന്നു യഹോവയുടെ അരുളപ്പാട്" (യെഹെ. 37:12-14). ലോകമെമ്പാടും ചിതറിക്കിടക്കുന്ന ഇസ്രായേല്യർ സ്വദേശത്തേക്ക് മടങ്ങുമെന്നാണ് കർത്താവിന്റെ വാഗ്ദത്തം.

ഈ സാഹചര്യത്തിൽ, 1897ൽ ഇസ്രായേല്യർ സയോണിസ്റ്റ് പ്രസ്ഥാനം ആരംഭിച്ചു. ചിതറിക്കിടക്കുന്ന ഇസ്രായേല്യരെ ഒന്നിപ്പിക്കുക എന്നതായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. അതായത്, സ്വന്തം ദേശത്തേക്ക് ഒത്തുകൂട്ടുക. തൽഫലമായി 1901ൽ Jewish National fund



സ്ഥാപിതമായി. ഈ സംഘടനയിലൂടെ ലോകമെമ്പാടും ചിതറിക്കിടന്ന യഹൂദന്മാരിൽ നിന്നും ഫണ്ട് ശേഖരിക്കുകയും യഹൂദന്മാർക്കായി ഭൂമി വാങ്ങുകയും, 1909ൽ ഇസ്രായേൽ രാജ്യത്തിലെ ടെൽ അവീവ് നഗരത്തിൽ ആദ്യത്തെ ജൂതനഗരം വീണ്ടും സ്ഥാപിക്കുകയും ചെയ്തു. ആ കാലഘട്ടത്തിൽ ലോകമെമ്പാടുമായി ഏകദേശം 17 ദശലക്ഷം യഹൂദന്മാർ ജീവിച്ചിരുന്നു. ഇസ്രായേല്യരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് ജർമ്മൻ നേതാവ് ഹിറ്റ്ലർ ഏകദേശം ആറ് ദശലക്ഷം യഹൂദന്മാരെ കൊന്നൊടുക്കി. ലോകമെമ്പാടും അഭയാർത്ഥികളായി ജീവിച്ചിരുന്ന യഹൂദന്മാർ അഥവാ ഇസ്രായേല്യർ ഇത്തരം നിരവധി കഷ്ടതകളും ദുരിതങ്ങളും നേരിട്ടിരുന്നു.

ആ കാലഘട്ടത്തിൽ ജർമ്മനിയും ഇംഗ്ലണ്ടും തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. അത് മഹായുദ്ധമായി മാറി. തൽഫലമായി, യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് ഇംഗ്ലണ്ടിലേക്ക് സാധനങ്ങളൊന്നും ഇറക്കുമതി ചെയ്തിരുന്നില്ല. ബ്രിട്ടീഷ് കപ്പലുകളിലെ പീരങ്കികൾ ലൂബ്രിക്കേറ്റ് ചെയ്യാൻ ഉപയോഗിക്കുന്ന രാസവസ്തുവായ അസെറ്റോൺ യൂറോപ്യൻ രാജ്യങ്ങളിലെ മരങ്ങളിൽ നിന്നാണ് നിർമ്മിച്ചിരുന്നത്. അസെറ്റോണിന്റെ അഭാവം ബ്രിട്ടീഷുകാരുടെ പതനത്തിന് കാരണമായി.



അക്കാലത്ത് ഡോ.ചൈം വീസ്മാൻ എന്ന യഹൂദ ശാസ്ത്രജ്ഞൻ ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിൽ പ്രൊഫസറായി ജോലി ചെയ്യുകയായിരുന്നു. ഈ സമയത്ത് ചോളത്തിൽ നിന്ന് അസെറ്റോൺ എന്ന രാസവസ്തു ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് അദ്ദേഹം ഗവേഷണം നടത്തി കണ്ടെത്തി. ബ്രിട്ടീഷ് പ്രതിരോധ മന്ത്രി യഹൂദനായ ശാസ്ത്രജ്ഞനോട് വലിയ അളവിൽ അസെറ്റോൺ ഉത്പാദിപ്പിക്കാൻ കഴിയുമോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം ചോളത്തിൽ നിന്നും ഉയർന്ന അളവിൽ രാസവസ്തു ഉത്പാദിപ്പിച്ചു നൽകി. ഇക്കാരണത്താൽ ബ്രിട്ടീഷുകാർ യുദ്ധത്തിൽ വിജയിച്ചു.

അന്ന് ഇംഗ്ലണ്ടിന്റെ പ്രധാനമന്ത്രി ആയിരുന്ന ലോയ്ഡ് ജോർജ്ജും, വിദേശകാര്യ സെക്രട്ടറിയായിരുന്ന ജെയിംസ് ബാൽഫോറും തങ്ങളുടെ വിജയത്തിന് കാരണമായിരുന്ന യഹൂദനായ ശാസ്ത്രജ്ഞന് വലിയൊരു പ്രതിഫലം നൽകാൻ തീരുമാനിച്ചു. എന്നാൽ യഹൂദനായ ശാസ്ത്രജ്ഞൻ പ്രതിഫലം സ്വീകരിക്കാൻ വിസമ്മതിക്കുകയും, ലോകമെമ്പാടും അഭയാർത്ഥികളായി ജീവിക്കുന്ന തന്റെ ജനമായ യഹൂദന്മാരെ പലസ്തീൻ രാജ്യത്തിൽ (അന്ന് ലോക ഭൂപടത്തിൽ ഇല്ലാതിരുന്ന ഇസ്രായേൽ ദേശത്തിൽ) താമസിക്കാൻ അനുവദിക്കണം എന്ന് അവരോട് അഭ്യർത്ഥിക്കുകയും ചെയ്തു.




അദ്ദേഹത്തിന്റെ അഭ്യർത്ഥനപ്രകാരം മന്ത്രിസഭയുടെ അംഗീകാരത്തോടെ, വിദേശകാര്യ സെക്രട്ടറി ജെയിംസ് ബാൽഫോർ 9/12/1917 ന് യഹൂദന്മാർ ഏത് രാജ്യത്തിൽ താമസിച്ചിരുന്നാലും, അവിടെനിന്നും പലസ്തീനിൽ വന്ന് സ്ഥിരതാമസമാക്കുന്നതിനും, സ്വന്തമായി ഭവനം പണിയുന്നതിനും, അവിടെ താമസിക്കുന്നതിനും, അവരുടെ ഉപജീവനമാർഗ്ഗം സ്ഥാപിക്കുന്നതിനും ബ്രിട്ടന് യാതൊരു എതിർപ്പുമില്ല എന്ന് പ്രഖ്യാപനം പുറപ്പെടുവിച്ചു. ഈ കാലഘട്ടത്തിൽ പലസ്തീൻ ബ്രിട്ടീഷ് ഭരണത്തിന് കീഴിലായിരുന്നു എന്നത് ശ്രദ്ധേയമാണ്.

ഇതിനുശേഷം, 1918നും 1948 നും ഇടയിൽ പലസ്തീനിലേക്ക് കുടിയേറിയ യഹൂദന്മാരുടെ എണ്ണം 5,65,000 ആയി വർദ്ധിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം 1920ൽ ബ്രിട്ടീഷ്



If you can't come to town, please telephone 4607
Lighting, Heating, Cooking, Refrigeration
CARL MARX
1 PRINCESS MARY AVE., JERUSALEM

THE PALESTINE POST

THE PALESTINE POST
THE SUBSCRIPTION DEPARTMENT has returned to The Palestine Post offices, Hassolel Street, Jerusalem

# STATE OF ISRAEL IS BORN

The first independent Jewish State in 19 centuries was born in Tel Aviv as the British Mandate over Palestine came to an end at midnight on Friday, and it was immediately subjected to the test of fire. As "Medinat Yisrael" (State of Israel) was proclaimed, the battle for Jerusalem raged, with most of the city falling to the Jews. At the same time, President Truman announced that the United States would accord recognition to the new State. A few hours later, Palestine was invaded by Moslem armies from the south, east and north, and Tel Aviv was raided from the air. On Friday the United Nations Special Assembly adjourned after adopting a resolution to appoint a mediator but without taking any action on the Partition Resolution of November 29.

Yesterday the battle for the Jerusalem-Tel Aviv road was still under way, and two Arab villages were taken. In the north, Acre town was captured, and the Jewish Army consolidated its positions in Western Galilee.

## Most Crowded Hours in Palestine's History

## JEWS TAKE OVER SECURITY ZONES

## Egyptian Air Force Spitfires Bomb Tel Aviv; One Shot Down

## U.S. RECOGNIZES JEWISH STATE

## Proclamation by Head Of Government

## 2 Columns Cross Southern Border

## Etzion Settlers Taken P.O.W.

## Special Assembly Adjourns

ഗവൺമെന്റ് പലസ്തീനിൽ കുടിയേറിയ യഹൂദന്മാർ തങ്ങൾക്കായി ഒരു സർക്കാർ രൂപീകരിക്കാൻ അനുവദിച്ചു. 1947ൽ പലസ്തീൻ ഭൂമി പലസ്തീനികൾക്കും യഹൂദന്മാർക്കും വിഭജിക്കാൻ തീരുമാനിച്ചു. 1948 മെയ് 14-ാം തിയതി ബ്രിട്ടീഷ് സൈന്യം പലസ്തീനിൽ നിന്ന് പിൻവാങ്ങി. ഇസ്രായേൽ ഒരു സ്വതന്ത്ര രാജ്യമായി പ്രഖ്യാപിക്കപ്പെട്ടു.

"ആ കാലത്തു ഞാൻ നിങ്ങളെ വരുത്തുകയും ആ കാലത്തു ഞാൻ നിങ്ങളെ ശേഖരിക്കുകയും ചെയ്യും; നിങ്ങൾ കാൺകെ ഞാൻ നിങ്ങളുടെ പ്രവാസികളെ മടക്കിവരുത്തുമ്പോൾ ഞാൻ നിങ്ങളെ ഭൂമിയിലെ സകല ജാതികളുടെയും ഇടയിൽ കീർത്തിയും പ്രശംസയും ആക്കിത്തീർക്കു"മെന്ന് (സെഫന്യാവ് 3:20) യഹോവ അരുളിച്ചെയ്തതുപോലെ, 1948 മെയ് 14ന് ഏകദേശം 1900 വർഷം ലോക ഭൂപടത്തിൽ ഇല്ലാതിരുന്ന ഒരു രാജ്യം വീണ്ടും രൂപീകരിക്കപ്പെട്ടു. ഈ ദിവസം യഹൂദന്മാർ അവരുടെ സ്വാതന്ത്ര്യ ദിനമായി ആഘോഷിക്കുന്നു.

**അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പ് ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ (മത്തായി 24:32).**

**അത്തിമരം - ഇസ്രായേൽ രാജ്യത്തെ പ്രതിനിധീകരിക്കുന്നു.**

ഇളം കൊമ്പ് - രാജാവിനെ പ്രതിനിധീകരിക്കുന്നു.

അത്തിമരം തളിർത്തു അതായത് ഇസ്രായേൽ രാജ്യം വീണ്ടും രൂപീകരിക്കപ്പെട്ടു. ഇളം കൊമ്പ് അതായത് ഇസ്രായേൽ രാജ്യത്തിനായി ഒരു രാജാവിനെ നിയമിച്ചു ( ആദ്യത്തെ പ്രധാനമന്ത്രി ഡേവിഡ് ബെൻ കുര്യൻ). എപ്പോൾ ഇസ്രായേൽ വീണ്ടും രൂപീകരിക്കപ്പെട്ടുവോ അപ്പോൾ ഞാൻ വാതിൽക്കൽ നിൽക്കുന്നു എന്ന് നമ്മുടെ രക്ഷകനായ യേശു പറഞ്ഞ അടയാളങ്ങൾ നിറവേറപ്പെട്ടു. ഈ സംഭവങ്ങളും വചനവും താരതമ്യം ചെയ്യുമ്പോൾ യേശുവിന്റെ വരവ് വളരെ സമീപം .

എ.ഡി. 70-ാം നൂറ്റാണ്ടിൽ യെരുശലേം ദൈവാലയവും യെരുശലേം നഗരവും അഗ്നിക്കിരയാക്കപ്പെട്ടു. ഇസ്രായേൽ രാജ്യം രൂപീകൃതമായി. എന്നാൽ യെരുശലേം നഗരം ഇസ്രായേലിന്റെതായിരുന്നില്ല. ഈ സാഹചര്യത്തിൽ 1967ൽ ഇസ്രായേല്യർ യെരുശലേം പിടിച്ചെടുത്തു.



പക്ഷേ യെരുശലേമിനെ തലസ്ഥാനമാക്കിയില്ല. എന്നാൽ യെരൂശലേമിനു സ്വസ്ഥാനത്ത്, യെരൂശലേമിൽ തന്നെ വീണ്ടും നിവാസികൾ ഉണ്ടാകും (സെഖര്യാവ് 12:6) എന്ന് വചനം പറയുന്നു.

ഈ വചനപ്രകാരം യെരൂശലേം ഇസ്രായേലിന്റെ തലസ്ഥാനമാകേണ്ടതായിരുന്നു. എന്നാൽ അങ്ങനെ മാറിയില്ല. 2018ൽ അമേരിക്കൻ പ്രധാനമന്ത്രി ഡൊണാൾഡ് ട്രംപ് വീണ്ടും യെരുശലേമിനെ



ഇസ്രായേലിന്റെ തലസ്ഥാനമായി പ്രഖ്യാപിച്ചു. ഇസ്രായേൽ ജനത സ്വാതന്ത്ര്യം നേടി 70 വർഷങ്ങൾക്ക് ശേഷം യെരുശലേം യഥാസ്ഥാനത്ത് പുനഃസ്ഥാപിക്കപ്പെട്ടു.

**പ്രിയ സ്നേഹിതരെ, കർത്താവിന്റെ വചനം എത്രത്തോളം കൃത്യതയോടെ നിറവേറ്റപ്പെടുന്നു എന്നതിന്റെ പ്രതീകമായി കർത്താവിന്റെ രാജ്യം അതായത് ഇസ്രായേൽ രാജ്യം അതായത് വീണ്ടും തളിർത്ത അത്തിമരം നമുക്ക് നൽകിയിരിക്കുന്നു. വാതിൽക്കൽ നിൽക്കുന്ന യേശുവിനെ വരവേൽക്കുവാൻ നമുക്ക് ഒരുങ്ങാം; മറ്റുള്ളവരെയും ഒരുക്കാം.**

**മാറാനാഥാ യേശു വരുന്നു.**

## യെരുശലേം നഗരം

- 2 തവണ നശിപ്പിക്കപ്പെടുകയും നിലംപരിശാക്കുകയും ചെയ്തു.
- 23 തവണ ഉപരോധിക്കപ്പെട്ടു.
- 52 തവണ ആക്രമിക്കപ്പെട്ടു.
- 44 തവണ പിടിക്കപ്പെട്ടു.